Q1) രണ്ടാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്നവയിൽ ശരിയല്ലാത്ത വസ്തുത ഏതാണ്? **(Khadi LDC, 2024)**

A. അടിസ്ഥാന വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകി
B. വളർച്ചാലക്ഷ്യം 5.6 ശതമാനമായിരുന്നു
C. പൊതുമേഖലക്കു കൂടുതൽ പ്രാധാന്യം നൽകി
D. മഹലനോബിസ് മോഡലിനെ അടിസ്ഥാനമാക്കിയാണ് പ്ലാൻ നടപ്പിലാക്കിയത്

Answer: Option B - വളർച്ചാലക്ഷ്യം **5.6** ശതമാനമായിരുന്നു

- രണ്ടാം പഞ്ചവത്സര പദ്ധതിയിൽ 1956 ഏപ്രിൽ മുതൽ 1961 മാർച്ച് വരെയുള്ള കാലയളവ് ഉൾപ്പെടുന്നു.
- രണ്ടാമത്തെ പദ്ധതി ഇന്ത്യയെ വ്യവസായവൽക്കരണത്തിലേക്കുള്ള പാതയിൽ എത്തിക്കുക എന്നതായിരുന്നു.
- പിസി മഹലനോബിസ് ആയിരുന്നു രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ചാലകശക്തി.
- വ്യവസായം, പ്രത്യേകിച്ച് കനത്ത വ്യവസായം , രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ശ്രദ്ധാകേന്ദ്രമായിരുന്നു. ദേശീയ വരുമാനത്തിൽ 25% വർധനവ് ലക്ഷ്യം വെക്കാൻ ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണം ഉപയോഗിച്ചു.
- മഹലനോബിസ് മോഡലാണ് രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉപയോഗിച്ചിരിക്കുന്നത്. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനും നെഹ്റുവിന്റെ അടുത്ത സഹായിയുമായിരുന്ന പി.സി.മഹലനോബിസാണ് യു.എസ്.എസ്.ആർ മാതൃകയെ ഇന്ത്യയാക്കിയത്.
- വിപുലമായ ഇൻപുട്ട്-ഔട്ട്പുട്ട് മാതൃകയിലൂടെ, ഈ സമീപനം സംസ്ഥാന-നിർദ്ദേശിത നിക്ഷേപങ്ങൾക്ക് സ്ഥിതിവിവരക്കണക്ക് അടിസ്ഥാനം നൽകുകയും ലൈസൻസിംഗ് രാജിന്റെ ബൗദ്ധിക അടിത്തറ സൃഷ്ടിക്കുകയും ചെയ്തു.
- ഈ മാതൃക ഇന്ത്യൻ സമ്പദ്വ്യവസ്ഥ ഘനവ്യവസായങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണമെന്ന് ശുപാർശ ചെയ്തു, അത് ശക്തമായ ദീർഘകാല വളർച്ചയിലേക്ക് നയിച്ചേക്കാം.
- ഇന്ത്യയുടെ രണ്ടാം പഞ്ചവത്സര പദ്ധതിയും 1956-ലെ വ്യാവസായിക നയ പ്രമേയവും സ്ഥാപിക്കാൻ ഈ ആശയം ഉപയോഗിച്ചു , ഇത് പൊതുമേഖലയുടെയും ലൈസൻസ് രാജിന്റെയും ഉയർച്ചയ്ക്ക് വഴിയൊരുക്കി.

Q2) ഹരിതവിപ്ലവത്തിന്റെ ഫലങ്ങളിൽ ഉൾപ്പെടാത്തത് കണ്ടെത്തി എഴുതുക **: (Khadi LDC, 2024)**

A. ഭക്ഷ്യധാന്യ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചു
B. ഭക്ഷ്യധാന്യങ്ങളുടെ വില കുറഞ്ഞു
C. കാർഷികോൽപ്പാദനക്ഷമത വർദ്ധിച്ചു
D. തൊഴിൽ ലഭ്യത കുറഞ്ഞു

Answer: Option D - തൊഴിൽ ലഭ്യത കുറഞ്ഞു

- 1978-79 വർഷത്തിൽ 131 ദശലക്ഷം ടൺ ധാന്യ ഉൽപ്പാദനത്തിന് കാരണമാവുകയും ലോകത്തെ ഏറ്റവും വലിയ കാർഷിക ഉൽപ്പാദകരിൽ ഒന്നായി ഇന്ത്യയെ സ്ഥാപിക്കുകയും ചെയ്തു.
- ഭക്ഷ്യധാന്യങ്ങളുടെ പ്രതിശീർഷ അറ്റ ലഭ്യതയും വർദ്ധിച്ചു.
- കർഷകരെ അവരുടെ വരുമാന നിലവാരം ഉയർത്താൻ സഹായിച്ചു.
- കാർഷിക യന്ത്രവൽക്കരണം കൊണ്ടുവന്നു, ഇത് ട്രാക്ടറുകൾ, കൊയ്ത്ത് യന്ത്രങ്ങൾ, മെതിക്കുന്ന യന്ത്രങ്ങൾ, കമ്പൈനുകൾ, ഡീസൽ എഞ്ചിനുകൾ, ഇലക്ട്രിക് മോട്ടോറുകൾ, പമ്പിംഗ് സെറ്റുകൾ മുതലായ വിവിധ തരം യന്ത്രങ്ങൾക്ക് ആവശ്യം സൃഷ്ടിച്ചു.
- കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നറിയപ്പെടുന്ന വിവിധ വ്യവസായങ്ങളിൽ നിരവധി കാർഷിക ഉൽപന്നങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചു .
- ഒന്നിലധികം വിളകളും രാസവളങ്ങളുടെ ഉപയോഗവും കാരണം തൊഴിലാളികളുടെ ആവശ്യകതയിൽ ഗണ്യമായ വർദ്ധനവുണ്ടായി.

Q3) ഇന്ത്യൻ ഭരണഘടനയിലെ മൗലികകടമകളെക്കുറിച്ച് തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ? **(Khadi LDC, 2024)**

(i) 6-18 പ്രായമുള്ള വയസ്സ് പ്രായമുള്ള കുട്ടികളെ സ്കൂളിൽ അയക്കേണ്ടത് എല്ലാ രക്ഷാകർത്താക്കളുടേയും കടമയാണ് .

(ii) പൊതുസ്വത്ത് സംരക്ഷിക്കുക, അക്രമം ഒഴിവാക്കുക.

(iii) ശാസ്ത്രബോധവും മനുഷ്യത്വവും വളർത്തിയെടുക്കുക.

(iv) ആവശ്യപ്പെടുമ്പോൾ രാജ്യത്തെ സംരക്ഷിക്കുകയും ദേശീയ സേവനങ്ങൾ നൽകുകയും ചെയ്യുക.

A. (ii), (iii)
B. (i), (iii)
C. (i)
D. (iv)

Answer: Option C - (i)

11 മൗലിക കർത്തവ്യങ്ങളുടെ ഒരു ലിസ്റ്റ് താഴെ കൊടുക്കുന്നു -

- ഭരണഘടന അനുസരിക്കുകയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ബഹുമാനിക്കുകയും ചെയ്യുക
- സ്വാതന്ത്ര്യ സമരത്തിന്റെ ആദർശങ്ങൾ പിന്തുടരുക

- ഇന്ത്യയുടെ പരമാധികാരവും അഖണ്ഡതയും സംരക്ഷിക്കുക
- ആവശ്യപ്പെടുമ്പോൾ രാജ്യത്തെ സംരക്ഷിക്കുകയും ദേശീയ സേവനങ്ങൾ നൽകുകയും ചെയ്യുക
- പൊതുവായ സാഹോദര്യത്തിന്റെ ആത്മാവ് വികസിപ്പിക്കുക
- രാജ്യത്തിന്റെ സംയോജിത സംസ്കാരം സംരക്ഷിക്കുക
- പ്രകൃതി പരിസ്ഥിതി സംരക്ഷിക്കുക
- ശാസ്ത്രബോധവും മനുഷ്യത്വവും വളർത്തിയെടുക്കുക
- പൊതു സ്വത്ത് സംരക്ഷിക്കുക, അക്രമം ഒഴിവാക്കുക
- ജീവിതത്തിന്റെ എല്ലാ മേഖലകളിലും മികവിനായി പരിശ്രമിക്കുക.
- 6-14 വയസ്സ് പ്രായമുള്ള കുട്ടികളെ സ്കൂളിൽ അയക്കേണ്ടത് എല്ലാ മാതാപിതാക്കളുടെയും/രക്ഷകരുടെയും കടമയാണ്.

Q4) ഒരു കോൺകേവ് ദർപ്പണത്തിനു മുമ്പിൽ **10 cm** അകലെ പ്രകാശിക്കുന്ന വസ്തു വച്ചപ്പോൾ അതിന്റെ യഥാർഥ പ്രതിബിംബം ദർപ്പണത്തിൽ നിന്ന് **40 cm** അകലെ രൂപപ്പെടുന്നു. ദർപ്പണത്തിന്റെ ഫോക്കസ് ദൂരം കണക്കാക്കുക. **(VFA, 2025)**

A. -8 cm
B. +8 cm
C. -4 cm
D. +4 cm

Answer: Option A - -8 cm

- Object distance, u = -10 cm (Concave mirror ആയതിനാൽ object distance negative ആകുന്നു)
- Image distance, v = -40 cm (Concave mirror-ൽ യഥാർത്ഥ പ്രതിബിംബം - real image → negative)

$1/f = 1/v + 1/u$

$1/f = 1/-40 + 1/-10$

$= -(1/40 + 1/10)$

$= - (5/40)$

$= - (1/8)$

$= -8$ cm

Q5) അക്വേറിയത്തിന്റെ അടിയിൽ നിന്ന് ഉയരുന്ന വായു കുമിളകളുടെ വലിപ്പം വർദ്ധിക്കുന്നത് ഏത് വാതകനിയമം അനുസരിച്ചാണ് **?** **(VFA, 2025)**

A. ബോയിൽ നിയമം
B. ചാൾസ് നിയമം
C. അവോഗാഡ്രോ നിയമം
D. ഡാൽട്ടൻ നിയമം

Answer: Option A - ബോയിൽ നിയമം

- അക്വേറിയത്തിന്റെ അടിയിൽ നിന്ന് ഉയരുന്ന വായു കുമിളകൾ (ഉദാ: ഓക്സിജൻ/CO_2) ജലത്തിന്റെ ആഴത്തിൽ നിന്ന് മുകളിലേക്ക് പൊങ്ങുമ്പോൾ അവയുടെ വലിപ്പം വർദ്ധിക്കുന്നു. ഇത് ബോയിൽ നിയമത്തിന് (Boyle's Law) അനുസൃതമാണ്.
- ബോയിൽ നിയമം: "ഒരു നിശ്ചിത താപനിലയിൽ, വാതകത്തിന്റെ മർദ്ദവും (P) വ്യാപ്തവും (V) വിപരീത അനുപാതത്തിലാണ്."
- $P \propto 1/V$ അല്ലെങ്കിൽ $PV =$ സ്ഥിരാങ്കം
- ആഴത്തിൽ (ഉയർന്ന മർദ്ദം): വായു കുമിളകൾ ചെറുതാകുന്നു (വ്യാപ്തം കുറയുന്നു).
- മുകളിലേക്ക് (കുറഞ്ഞ മർദ്ദം): വായു കുമിളകൾ വികസിക്കുന്നു (വ്യാപ്തം വർദ്ധിക്കുന്നു).

Q6) പോക്സോ നിയമം, **2012** പ്രകാരം കുട്ടി ആയി നിർവ്വചിച്ചിരിക്കുന്നത് ആരെയാണ് **? (VFA, 2025)**

A. 14 വയസ്സിൽ താഴെ പ്രായം ഉള്ളവർ
B. 15 വയസ്സിൽ താഴെ പ്രായം ഉള്ളവർ
C. 16 വയസ്സിൽ താഴെ പ്രായം ഉള്ളവർ
D. 18 വയസ്സിൽ താഴെ പ്രായം ഉള്ളവർ

Answer: Option D - **18** വയസ്സിൽ താഴെ പ്രായം ഉള്ളവർ

- കുട്ടി (Child) നിർവചനം: 18 വയസ്സിൽ താഴെയുള്ള ഏതൊരാളും ഈ നിയമപ്രകാരം കുട്ടിയാണ്.
- ലൈംഗികാതിക്രമം (Sexual Assault): കുട്ടിയുടെ ജനനേന്ദ്രിയം, മലദ്വാരം, സ്തനങ്ങൾ എന്നിവയിൽ സ്പർശിക്കുകയോ, കുട്ടിയെ മറ്റൊരാളുടെ മേൽ സ്പർശിപ്പിക്കുകയോ, ലൈംഗിക ഉദ്ദേശ്യത്തോടെയുള്ള മറ്റ് ശാരീരിക സ്പർശനങ്ങൾ നടത്തുകയോ ചെയ്യുന്നത് ലൈംഗികാതിക്രമമാണ്. ഇതിന് കഠിനമായ ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്നു.
- ഗുരുതരമായ ലൈംഗികാതിക്രമം (Aggravated Sexual Assault): ചില പ്രത്യേക സാഹചര്യങ്ങളിൽ (ഉദാഹരണത്തിന്, പ്രതിക്ക് അധികാരസ്ഥാനം ഉണ്ടായിരിക്കുക, കൂട്ടായ്മയായുള്ള അതിക്രമം, ഗുരുതരമായ പരിക്കേൽപ്പിക്കൽ) ലൈംഗികാതിക്രമം നടത്തിയാൽ അത് ഗുരുതരമായ ലൈംഗികാതിക്രമമായി കണക്കാക്കുകയും കൂടുതൽ കടുത്ത ശിക്ഷ നൽകുകയും ചെയ്യും.

Q7) ആഗ്നേയശിലയുമായി ബന്ധമില്ലാത്ത സവിശേഷത തന്നിരിക്കുന്നവയിൽ നിന്ന് കണ്ടെത്തുക**. (VFA, 2025)**

A. ഈ ശിലയെ പ്രാഥമിക ശിലയെന്നും വിളിക്കുന്നു.
B. ഈ ശിലയ്ക്ക് ഒരു ഉദാഹരണമാണ് ബസാൾട്ട്.
C. കേരളത്തിൽ ഏറ്റവുമധികം കാണുന്നത് ഈ ശിലയാണ്.
D. ഈ ശിലകൾ ഭൂമിയുടെയുള്ളിലും പുറത്തും രൂപം കൊള്ളുന്നു

Answer: Option C - കേരളത്തിൽ ഏറ്റവുമധികം കാണുന്നത് ഈ ശിലയാണ്.

- കേരളത്തിൽ ഏറ്റവുമധികം കാണുന്നത് കായാന്തരിത ശിലകളാണ്.
- ഉയർന്ന ഊഷ്മാവിലോ മർദ്ദത്തിലോ ആഗ്നേയ ശിലക്കോ അവസാദ ശിലക്കോ രൂപ മാറ്റം സംഭവിച്ചിട്ടാണ് കായാന്തരിത ശിലയായി മാറുന്നത്.
- സമ്മർദ്ദ കായാന്തരീകരണം, താപീയ കായാന്തരീകരണം എന്നിങ്ങനെ രണ്ടുതരം കായാന്തരീകരണം ഉണ്ട്.
- തിരുവനന്തപുരം,കൊല്ലം ജില്ലകളിൽ കണ്ടു വരുന്ന രത്നക്കല്ലുകളുടെ നിക്ഷേപം കായാന്തരിത ശിലക്ക് ഉദാഹരണമാണ്.

Q8) ചേരുംപടി ചേർക്കുക: **(Lab Assistant, 2025)**

I	II
(a) ഇന്ത്യൻ നാഷണൽ ആർമി	i. സി. ആർ. ദാസ്
(b) ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി	ii. ലാലാ ഹർദയാൽ
(c) സ്വരാജ് പാർട്ടി	iii. റാഷ് ബിഹാരി ബോസ്
(d) ഗദർ പാർട്ടി	iv. സൂര്യസെൻ

A. a-iv, b-iii, c-ii, d-i
B. a-iii, b-iv, c-i, d-ii
C. a-iv, b-ii, c-i, d-iii
D. a-iii, b-iv, c-ii, d-i

Answer: Option B - a-iii, b-iv, c-i, d-ii

വിപ്ലവ പ്രസ്ഥാനങ്ങൾ	സ്ഥാപകർ
അഭിനവ ഭാരത് സൊസൈറ്റി	വി ഡി സവർക്കർ
അനുശീലൻ സമിതി	ബരീന്ദർ കുമാർ ഘോഷ്, പുലിൻ ബിഹാരി ദാസ്

ഗദ്ദാർ പാർട്ടി	ലാല ഹർദയാൽ
ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി	സൂര്യസെൻ
ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസ്സോസ്സിയേഷൻ	ഭഗത് സിംഗ്

Q9) ദേശീയ ജലപാത **3 (NW 3)** ഏത് മുതൽ ഏത് വരെയാണ് ബന്ധിപ്പിക്കുന്നത്**? (Lab Assistant, 2025)**

A. അലഹബാദ് മുതൽ ഹാൽഡിയ വരെ
B. കോട്ടപ്പുറം മുതൽ കൊല്ലം വരെ
C. സാദിയ മുതൽ ദുബ്രി വരെ
D. മുകളിൽ കൊടുത്തവയല്ല

Answer: Option D - മുകളിൽ കൊടുത്തവയല്ല

കേരളത്തിലൂടെ കടന്നുപോകുന്ന ദേശീയ ജലപാതകൾ

- ദേശീയ ജലപാത 3 - കൊല്ലം മുതൽ കോഴിക്കോട് വരെ (2016-ലെ ദേശീയ ജലപാത നിയമം അനുസരിച്ചാണ് ദേശീയ ജലപാത 3-നെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ നീട്ടിയത്)
- ദേശീയ ജലപാത 8 - ആലപ്പുഴ - ചങ്ങനാശ്ശേരി (28 km)
- ദേശീയ ജലപാത 9 - ആലപ്പുഴ - കോട്ടയം (38 km)
- ദേശീയ ജലപാത 59 - കോട്ടയം - വൈക്കം (28 km)
- ദേശീയ ജലപാത 13 - പൂവാർ - ഇരയിമ്മൻതുറൈ (11 km)

Q10) ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട ചില വകുപ്പുകളും അവയുടെ വിവരണവും നൽകിയിരിക്കുന്നു. ചേരുംപടി ചേർക്കുക**? (Lab Assistant, 2025)**

A	**B**
1. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂന പക്ഷങ്ങൾക്കുള്ള അവകാശം	A. വകുപ്പ് 18
2. മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം	B. വകുപ്പ്22

3. സ്ഥാനപ്പേരുകൾ നിർത്തലാക്കൽ	C. വകുപ്പ് 26
4. അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം	D. വകുപ്പ് 30

A. 1-D, 2 C, 3-B, 4-A
B. 1-D, 2-B, 3-A, 4-C
C. 1-D, 2-C, 3-A, 4-B
D. 1-B, 2-C, 3-D, 4-A

Answer: Option C - 1-D, 2-C, 3-A, 4-B

- വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂന പക്ഷങ്ങൾക്കുള്ള അവകാശം- വകുപ്പ് 30
- മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം - വകുപ്പ് 26
- സ്ഥാനപ്പേരുകൾ നിർത്തലാക്കൽ - വകുപ്പ് 18
- അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം - വകുപ്പ് 22

Q11) ആധുനിക കാലത്തെ അത്ഭുതം എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് **(10th Level Prelims, 2025)**

A. വൈക്കം സത്യാഗ്രഹം
B. പാലിയം സത്യാഗ്രഹം
C. ക്ഷേത്ര പ്രവേശന വിളംബരം
D. ഗുരുവായൂർ സത്യാഗ്രഹം

Answer: Option C - ക്ഷേത്ര പ്രവേശന വിളംബരം

- കേരളത്തിൻറെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന സംഭവം - ക്ഷേത്രപ്രവേശന വിളംബരം
- ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച തിരുവിതാംകൂർ രാജാവ് - ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ
- തിരുവിതാംകൂറിൽ ക്ഷേത്ര പ്രവേശന വിളംബരം നടന്ന വർഷം - 1936 നവംബർ 12
- മലബാറിൽ ക്ഷേത്ര പ്രവേശന വിളംബരം നടന്ന വർഷം - 1947 ജൂൺ 2

Q12) ഗുരുവായൂർ സത്യാഗ്രഹം നടന്നത് ഏത് വർഷം ? **(10th Level Prelims, 2025)**

A. 1931
B. 1932
C. 1936
D. 1921

Answer: Option A - 1931

- 1931-32 - ൽ തൊട്ടുകൂടായ്മ തീണ്ടൽ തുടങ്ങിയ അയിത്താചാരങ്ങൾക്കു എതിരായി നടത്തിയ സമരമാണ ഗുരുവായൂർ സത്യാഗ്രഹം. കേരള നവോത്ഥാന ചരിത്രത്തിലെ ഒരു നാഴികകല്ലാണ ഈ സമരം.
- വടകരയിൽ വച്ചു നടന്ന കെ.പി.സി.സി യോഗം ഹൈന്ദവക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നൽകണം എന്ന പ്രമേയം പാസ്സാക്കിയിരുന്നു. ഈ പ്രമേയത്തിൻ പ്രകാരമാണ് ഗുരുവായൂർ സത്യാഗ്രഹം നടത്താൻ പദ്ധതി തയ്യാറാക്കിയത്.
- അന്നത്തെ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നിശ്ചയിച്ചു നടത്തിയ ഈ സമരത്തിന്ന് കെ. കേളപ്പൻ, പി. കൃഷ്ണപിള്ളമന്നത്ത് പത്മനാഭൻ, സുബ്രഹ്മണ്യൻ തിരുമുമ്പ് , എ. കെ.ജി എന്നിവരാണ് നേതൃത്വം നൽകിയത്.
- ഗുരുവായൂർ സത്യാഗ്രഹത്തെ തുടർന്ന് നിരാഹാരം അനുഷ്ഠിച്ച വ്യക്തി - കെ കേളപ്പൻ

Q13) തിരുവിതാംകൂർ സർക്കാർ പണ്ടാരപ്പാട്ട വിളംബരം പുറപ്പെടുവിച്ച വർഷം **(10th Level Prelims, 2025)**

A. 1929
B. 1865
C. 1896
D. 1914

Answer: Option B - 1865

- 1865 ൽ ആയില്യം തിരുനാൾ മഹാരാജ ആണ് പണ്ടാരപാട്ട വിളംബരം നടത്തിയത് .
- "കർഷകരുടെ മാഗ്നാകാർട്ട" എന്നറിയപെടുന്നതും ഇത് തന്നെയാണ്.
- മാഗ്ന കാർട്ട എന്ന ലാറ്റിൻ വാക്കിന്റെ അർഥം മൗലികാവകാശങ്ങളുടെ പ്രമാണരേഖ എന്നാണ്.
- തിരുവിതാംകൂറിന്റെ മാഗ്നാകാർട്ട എന്നും ഇത് അറിയപ്പെടുന്നു.

Q14) ആത്മവിദ്യാസംഘം സ്ഥാപിച്ചതാര് ? **(Laboratory Assistant, 2025)**

A. പണ്ഡിറ്റ് കെ. പി. കറുപ്പൻ
B. വാഗ്ഭടാനന്ദൻ
C. വൈകുണ്ഠസ്വാമികൾ

D. ചട്ടമ്പിസ്വാമികൾ

Answer: Option B - വാഗ്ഭടാനന്ദൻ

- കേരളത്തിലെ മതാന്ധതയ്ക്കും അനാചാരങ്ങൾക്കുമെതിരെ 1917ലാണ് വാഗ്ഭടാനന്ദ ഗുരു കുമാരപുരത്ത് ആത്മവിദ്യാ സംഘം രൂപീകരിച്ചത്.
- 1921ൽ ആത്മവിദ്യാസംഘം മുഖപത്രമായി "അഭിനവകേരളം" തുടങ്ങി.
- ജാതിവ്യവസ്ഥക്കും വിഗ്രഹാരാധനക്കുമെതിരേയുള്ള പോരാട്ടമായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം.
- ഇതിൽ പ്രധാനം പൂജാദികർമ്മങ്ങളും മന്ത്രവാദവുമെല്ലാം അർത്ഥശൂന്യങ്ങളാണെന്ന് പ്രഖ്യാപനമാണ്.
- വാഗ്ഭടാനന്ദ ഗുരുവും ആത്മവിദ്യാസംഘവും മതത്തിന്റെ പേരിലുള്ള എല്ലാ അനാചാരങ്ങളേയും ശക്തിയായ് എതിർത്തു.
- 1906ൽ ദരിദ്രരുടെ വിജ്ഞാനസമ്പാദനത്തിനായി കോഴിക്കോട്ടെ കാരപ്പറമ്പിൽ തത്ത്വപ്രകാശിക എന്ന വിദ്യാലയവും വാഗ്ഭടാനന്ദ ഗുരു സ്ഥാപിച്ചു.

Q15) ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിക്കെതിരെ നടന്ന കേരളത്തിലെ ആദ്യത്തെ സംഘടിത കലാപം **(10th Level Prelims, 2025)**

A. പഴശ്ശി കലാപം
B. മലബാർ കലാപം
C. കല്ലുമാല സമരം
D. ആറ്റിങ്ങൽ കലാപം

Answer: Option D - ആറ്റിങ്ങൽ കലാപം

- 1721-ൽ കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യ സംഘടിത പ്രക്ഷോഭമാണ് ആറ്റിങ്ങൽ കലാപം. കുരുമുളക് വിലയിൽ കമ്പനി കാണിച്ച ക്രമക്കേട് ആണ് ഇതിനു കാരണം.
- ഒന്നാം പഴശ്ശി കലാപം നടന്ന കാലഘട്ടം -1793-97
- ഒന്നാം പഴശ്ശി വിപ്ലവത്തിന്റെ പ്രധാന കേന്ദ്രം - കണ്ണൂരിലെ പുരളിമല
- കല്ലുമാല സമരം 1915-ൽ പെരിനാട് നടന്ന ഒരു സാമൂഹിക പ്രക്ഷോഭമാണ്, ഇത് പുലയ സമുദായത്തിലെ സ്ത്രീകൾക്ക് അടിമത്തത്തിന്റെ പ്രതീകമായ കല്ലുമാല ധരിക്കുന്നതിൽ നിന്നുള്ള മോചനത്തിനു വേണ്ടിയുള്ളതായിരുന്നു.
- ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ കാർഷിക കലാപമായും വർഗീയ കലാപമായും മാറി മാറി വ്യാഖ്യാനിക്കപ്പെട്ടു പോന്ന ഒന്നാണ് മാപ്പിള കലാപം, മലബാർ ലഹള, ഖിലാഫത്ത് സമരം, മാപ്പിളലഹള എന്നെല്ലാം അറിയപ്പെടുന്ന മലബാർ കലാപം.

Q16) കേരള ചരിത്രത്തിലെ പ്രധാന സംഭവങ്ങളെ കാലഗണനാ ക്രമത്തിലാക്കുക **(Office Attendant, 2025)**

(i) കുളച്ചൽ യുദ്ധം

(ii) ആറ്റിങ്ങൽ കലാപം

(iii) ശ്രീരംഗപട്ടണം സന്ധി

(iv) കുണ്ടറ വിളംബരം

A. (i)-(ii)-(iii)-(iv)
B. (iv)-(iii)-(ii)-(i)
C. (ii)-(i)-(iii)-(iv)
D. (iii)-(iv)-(i)-(ii)

Answer: Option C - (ii)-(i)-(iii)-(iv)

- കുളച്ചൽ യുദ്ധം (1741): തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മയും ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയും തമ്മിൽ നടന്ന യുദ്ധമാണിത്. ഈ യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെടുകയും അത് കേരളത്തിൽ അവരുടെ സ്വാധീനം കുറയുന്നതിന് കാരണമാവുകയും ചെയ്തു.
- ആറ്റിങ്ങൽ കലാപം (1721): ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപങ്ങളിൽ ഒന്നാണ് ആറ്റിങ്ങൽ കലാപം. അഞ്ചുതെങ്ങിലെ ബ്രിട്ടീഷ് കോട്ടക്കെതിരെ നാട്ടുകാർ നടത്തിയ പ്രതിഷേധമായിരുന്നു ഇത്.
- ശ്രീരംഗപട്ടണം സന്ധി (1792): മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിനുശേഷം ടിപ്പു സുൽത്താനും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും ഒപ്പുവച്ച സന്ധിയാണിത്. ഈ ഉടമ്പടി പ്രകാരം മലബാർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.
- കുണ്ടറ വിളംബരം (1809): വേലുത്തമ്പി ദളവ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ഒരു ആഹ്വാനമാണ് കുണ്ടറ വിളംബരം. കൊല്ലത്തെ കുണ്ടറയിൽ വെച്ച് നടത്തിയ ഈ വിളംബരത്തിലൂടെ അദ്ദേഹം ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ പോരാടാൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

Q17) ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് / ശരിയായവ തിരിച്ചറിയുക. **(Laboratory Assistant, 2025)**

പ്രസ്താവന **A:** കേരളത്തിൽ നമ്പൂതിരി ബ്രാഹ്മണന്മാർക്കിടയിൽ സാമൂഹിക പരിഷ്കരണം ലക്ഷ്യമായി ആരംഭിച്ച **'**യോഗക്ഷേമ സഭ **'** നിലവിൽ വന്നത് **1908** ൽ ആണ്.

പ്രസ്താവന **B:** തൃശ്ശൂരിൽ വെച്ച് നടന്ന യോഗക്ഷേമ സഭയുടെ വാർഷിക യോഗത്തിലാണ് യുവജനസംഘം രൂപീകരിക്കപെട്ടത്

A. പ്രസ്താവന A ശരിയാണ് എന്നാൽ പ്രസ്താവന B ശരിയല്ല

B. പ്രസ്താവന A ശരിയല്ല എന്നാൽ പ്രസ്താവന B ശരിയാണ്
C. പ്രസ്താവന A യും B യും ശരിയാണ്
D. പ്രസ്താവന A യും B യും ശരിയല്ല

Answer: Option C - പ്രസ്താവന **A** യും **B** യും ശരിയാണ്

- 1908ലെ ശിവരാത്രി ദിവസം ആലുവ പെരിയാറിന്റെ തീരത്ത് ചെറുമുക്ക് വൈദികന്റെ ഇല്ലത്ത് നടന്ന ഒരു യോഗത്തിലാണ് യോഗക്ഷേമ സഭ രൂപീകരിച്ചത്. ആദ്യത്തെ പ്രസിഡന്റ് ദേശമംഗലം ശങ്കരൻ നമ്പൂതിരിപ്പാട് ആണ്.
- നമ്പൂതിരി സമുദായത്തിലെ നിരക്ഷരതയും ആധുനിക വിദ്യാഭാസത്തിന്റെ അഭാവവും ഇല്ലാതാക്കുക , രാജനീതി സംബന്ധമായും ധനസംബന്ധമായും ഉള്ള അഭിവൃദ്ധിക്ക് വേണ്ടി പരിശ്രമിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ആരംഭിച്ച ഒരു സമുദായ പ്രസ്ഥാനമാണ് യോഗക്ഷേമ സഭ.
- യോഗക്ഷേമ സഭയിലെ ഉത്പതിഷ്ണു വിഭാഗം നേതാവായിരുന്ന വി ടി ഭട്ടത്തിരിപ്പാട്.
- യോഗക്ഷേമ സഭയുടെ മുദ്രാവാക്യം - നമ്പൂതിരിമാരെ മനുഷ്യരാക്കുക
- 1919 ൽ തൃപ്പൂണിത്തുറയിലെ റോയൽ സ്കൂളിൽ കാവിൽ അവഞ്ചിക്കാട് ഭവദാസൻ ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ ആണ് യുവജനസംഘം പ്രവർത്തനമാരംഭിക്കുന്നത്.
- യോഗക്ഷേമ സഭയുടെ ലക്ഷ്യങ്ങളും നിർദ്ദേശങ്ങളും പ്രചരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് യുവജനസംഘത്തിന്റെ ലക്ഷ്യം.

Q18) ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത്/ശരിയായവ തിരിച്ചറിയുക. **(Laboratory Assistant, 2025)**

പ്രസ്താവന **A : 19-**ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സ്വാതിതിരുനാളിന്റെ കാലഘട്ടത്തിലാണ് തിരുവിതാംകൂറിൽ കർണ്ണാടക സംഗീതം പ്രചരിച്ചു തുടങ്ങിയത്.

പ്രസ്താവന **B :** പ്രസ്തുത കാലഘട്ടത്തിൽ കർണ്ണാടക സംഗീതം രാജകീയ സദസ്സുകളിൽ മാത്രമായിരുന്നു പ്രചാരം നേടിയിരുന്നത്.

A. പ്രസ്താവന A ശരിയാണ് എന്നാൽ B ശരിയല്ല
B. പ്രസ്താവന A തെറ്റാണ് എന്നാൽ B ശരിയാണ്
C. പ്രസ്താവന A യും B യും ശരിയാണ്
D. പ്രസ്താവന A യും B യും തെറ്റാണ്

Answer: Option C - പ്രസ്താവന **A** യും **B** യും ശരിയാണ്

- പത്തൊമ്പതാം നൂറ്റാണ്ടിൽ (1829-1846) തിരുവിതാംകൂർ ഭരിച്ചിരുന്ന രാജാവാണ് സ്വാതി തിരുനാൾ രാമവർമ്മ.
- സ്വാതി (ചോതി) നക്ഷത്രത്തിൽ ജനിച്ചതു കൊണ്ടാണ് സ്വാതി തിരുനാൾ എന്ന പേര് ലഭിച്ചത്. ഈ പേരിലാണ് കൂടുതലായും അറിയപ്പെടുന്നത്.
- സംഗീതജ്ഞരുടെയും കലയുടെയും രക്ഷാധികാരി എന്നു അറിയപ്പെട്ട അദ്ദേഹം ഒരു സംഗീതജ്ഞൻ കൂടി ആയിരുന്നു.
- ഷഡ്കാല ഗോവിന്ദ മാരാർ, മേരുസ്വാമി, പൊന്നയ്യ, മുത്തുസ്വാമി തുടങ്ങിയ സംഗീതജ്ഞർ അദ്ദേഹത്തിന്റെ സദസ്സിൽ സന്നിഹിതരായിരുന്നു.
- തിരുവിതാംകൂറിൽ പ്രാകൃതമായ ശിക്ഷാരീതികളടക്കമുള്ള അനാചാരങ്ങൾ നിർത്തലാക്കിയ പ്രഗല്ഭനായിരുന്ന ഭരണാധികാരി ആയിരുന്നു അദ്ദേഹം.
- തിരുവിതാംകൂർ സൈന്യത്തിന് നായർ പട്ടാളമെന്ന പേരു നൽകിയതും, മൃഗശാലയ്ക്ക് തുടക്കമിട്ടതും അദ്ദേഹമായിരുന്നു.

Q19) തിരുവിതാംകൂർ ഭരണാധികാരിയായ മാർത്താണ്ഡവർമ്മ കർഷകരായ സൈനികർക്ക് അവരുടെ സേവന കാലഘട്ടത്തിൽ നൽകിയിരുന്ന നികുതിയിളവ് ഏതു പേരിലാണ് അറിയപ്പെട്ടത്? **(Assistant Salesman, 2025)**

A. തുപ്പടിദാനം
B. ഇറയിളി
C. പതിവുകണക്ക്
D. പണ്ടാരവക

Answer: Option B - ഇറയിളി

- സൈന്യത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അവരുടെ സേവന കാലമത്രയും ഇരയിളി എന്ന പേരിൽ നികുതിയിളവ് നൽകിയിരുന്നു.
- 'ഇരയിളി അടുത്തുൺ' സൈന്യത്തിൽ നിന്നും വിരമിക്കുമ്പോൾ നൽകിയിരുന്ന പെൻഷൻ ആയിരുന്നു.
- തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മ മഹാരാജാവ് തന്റെ രാജ്യമായ തിരുവിതാംകൂർ ശ്രീപദ്മനാഭസ്വാമിക്ക് സമർപ്പിച്ച ചരിത്രസംഭവമാണ് തുപ്പടിദാനം.

Q20) താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തവ തെരഞ്ഞെടുത്തെഴുതുക **(Assistant Salesman, 2025)**

i) കുമാരഗുരുദേവൻ - പ്രത്യക്ഷരക്ഷാദൈവസഭ

ii) വൈകുണ്ഠ സ്വാമികൾ - ആത്മവിദ്യാ സംഘം

iii) പണ്ഡിറ്റ് കെ.പി. കറുപ്പൻ **-** അരയസമാജം

iv) അയ്യങ്കാളി **-** സമത്വസമാജം

A. i മാത്രം
B. ii, iv
C. ii, iii
D. i,iii

Answer: Option B - ii, iv

- കുമാരഗുരുദേവൻ - പ്രത്യക്ഷരക്ഷാദൈവസഭ
- പണ്ഡിറ്റ് കെ.പി. കറുപ്പൻ - അരയസമാജം
- വൈകുണ്ഠ സ്വാമികൾ സ്ഥാപിച്ച നവോത്ഥാന പ്രസ്ഥാനമാണ് സമത്വസമാജം (1836).
- ആധുനിക കേരളത്തിലെ അധഃസ്ഥിത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി മഹാത്മാ അയ്യങ്കാളി രൂപീകരിച്ച പ്രസ്ഥാനമാണ് സാധുജന പരിപാലന സംഘം.
- ആത്മവിദ്യാ സംഘം സ്ഥാപിച്ചത് വാഗ്ഭടാനന്ദൻ ആണ്.

Q21) ആദ്യത്തെ മലയാള പത്രമായ 'രാജ്യസമാചാരം' പ്രസിദ്ധീകരിച്ച സ്ഥലം ഏത്**? (Assistant Salesman, 2025)**

A. വക്കം
B. ഇല്ലിക്കുന്ന്
C. ചെറുതുരുത്തി
D. കോഴിക്കോട്

Answer: Option B - ഇല്ലിക്കുന്ന്

- ആദ്യത്തെ മലയാള പത്രമായ 'രാജ്യസമാചാരം' പ്രസിദ്ധീകരിച്ച സ്ഥലം തലശ്ശേരിയിലെ ഇല്ലിക്കുന്ന് ആണ്.
- ജർമ്മൻ മിഷനറിയായിരുന്ന ഹെർമൻ ഗുണ്ടർട്ടാണ് 1847-ൽ 'രാജ്യസമാചാരം' ആരംഭിച്ചത്. അദ്ദേഹത്തിന്റെ മിഷൻ പ്രസ്സിൽ നിന്നാണ് ഈ പത്രം അച്ചടിച്ചിരുന്നത്.
- മലയാളത്തിലെ രണ്ടാമത്തെ പത്രം 'പശ്ചിമോദയം' ആണ്.

Q22) 1932ലെ നിവർത്തന പ്രക്ഷോഭവുമായി ബന്ധമില്ലാത്തത് ആര് **? (10th Level Prelims, 2025)**

A. എൻ.വി. ജോസഫ്

B. കെ. കേളപ്പൻ
C. പി.കെ. കുഞ്ഞ്
D. സി. കേശവൻ

Answer: Option B - കെ. കേളപ്പൻ

- നിവർത്തന പ്രക്ഷോഭം എന്നത് തിരുവിതാംകൂർ നിയമസഭയിലും സർക്കാർ നിയമനങ്ങളിലും യഥാക്രമം ക്രിസ്ത്യൻ, മുസ്ലിം, ഈഴവ സമുദായങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാൻ വേണ്ടി 1932-35 കാലഘട്ടത്തിൽ നടന്ന ഒരു സാമൂഹിക-രാഷ്ട്രീയ സമരമാണ്.
- ഈ പ്രക്ഷോഭത്തിന്റെ ഫലമായി സംവരണം നടപ്പാക്കാനും ട്രാവൻകൂർ പബ്ലിക് സർവീസ് കമ്മീഷൻ രൂപീകരിക്കാനും സാധിച്ചു.
- പ്രധാന നേതാക്കൾ: സി. കേശവൻ, ടി.എം. വർഗ്ഗീസ്, എൻ.വി. ജോസഫ്, പി.കെ. കുഞ്ഞ്, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് എന്നിവർ പ്രധാന നേതൃത്വത്തിൽ ഉണ്ടായിരുന്നവരാണ്.

Q23) പ്രത്യക്ഷരക്ഷാദൈവസഭ സ്ഥാപിച്ച സാമൂഹിക പരിഷ്കർത്താവ് ആരായിരുന്നു? **(10th Level Prelims, 2025)**

A. കുമാരഗുരുദേവൻ
B. പണ്ഡിറ്റ് കെ.പി. കറുപ്പൻ
C. വാഗ്ഭടാനന്ദൻ
D. ചട്ടമ്പി സ്വാമികൾ

Answer: Option A - കുമാരഗുരുദേവൻ

- കേരളത്തിൽ രൂപംകൊണ്ട ഒരു പ്രമുഖ ദളിത് വിമോചന പ്രസ്ഥാനവും ആത്മീയ സംഘടനയുമാണ് പ്രത്യക്ഷ രക്ഷാ ദൈവ സഭ.
- ആസ്ഥാനം: ഇരവിപേരൂർ, പത്തനംതിട്ട
- മുഖപത്രം: ആദിയാർ ദീപം
- പൊയ്കയിൽ ശ്രീകുമാരഗുരുദേവനാണ് ഈ മതത്തിന്റെ സ്ഥാപകൻ. മതപ്രസ്ഥാനത്തിലെ അനുയായികളും വിശ്വാസികളും ഗുരുദേവനെ ദൈവമായി വിശ്വസിക്കുന്നു.

Q24) 1615ൽ കേരളത്തിലെത്തി സാമൂതിരിയുമായി വ്യാപാര ഉടമ്പടി ഒപ്പുവച്ച ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി പ്രതിനിധി ആരായിരുന്നു? **(10th Level Prelims, 2025)**

A. മെക്കാളെ പ്രഭു
B. കോനോലി പ്രഭു
C. വില്യം കീലിങ്
D. വില്യം ലോഗൺ

Answer: Option C - വില്യം കീലിങ്

- 1615-ൽ കോഴിക്കോട് സാമൂതിരിയുമായി ഒപ്പുവെച്ച കരാറിലൂടെ കോഴിക്കോട്ടും പൊന്നാനിയിലും ഫാക്ടറികൾ (വ്യാപാര കേന്ദ്രങ്ങൾ) സ്ഥാപിക്കാനുള്ള അനുമതി കീലിംഗിന് ലഭിച്ചു.
- അക്കാലത്ത് മലബാർ തീരത്ത് ശക്തരായിരുന്ന പോർച്ചുഗീസുകാരെ ഒതുക്കാൻ സാമൂതിരിയെ സഹായിക്കുക എന്നതായിരുന്നു ബ്രിട്ടീഷുകാരുടെ ലക്ഷ്യം. എന്നാൽ പിന്നീട് ഇംഗ്ലീഷുകാർ ഈ കരാറിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കാതിരുന്നതിനാൽ സാമൂതിരിയുമായുള്ള ബന്ധം വഷളാവുകയും അവർ കോഴിക്കോട് വിട്ട് മദ്രാസിലേക്കും സൂറത്തിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു.
- ഇന്ത്യയിലെ ദൗത്യങ്ങൾക്ക് ശേഷം ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ അദ്ദേഹത്തെ ജെയിംസ് ഒന്നാമൻ രാജാവ് 'റോയൽ നേവിയുടെ' (Royal Navy) സുപ്രധാന പദവികളിൽ നിയമിച്ചു.

Q25) "ഗാന്ധിയും അരാജകത്വവും**"** എന്ന ഗ്രന്ഥം എഴുതിയതാര്**? (Office Attendant 2025)**

A. എൻ. വി. കൃഷ്ണ വാരിയർ
B. എം.ടി. വാസുദേവൻ
C. കെ. അയ്യപ്പൻ
D. ചേറ്റൂർ ശങ്കരൻ നായർ

Answer: Option D - ചേറ്റൂർ ശങ്കരൻ നായർ

ചേറ്റൂർ ശങ്കരൻ നായർ

- 1897 അമരാവതി കോൺഗ്രസ്സ് സമ്മേളനത്തിലെ പ്രസിഡൻറ്.
- ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷ സ്ഥാനത്തെത്തിയ ഏക മലയാളിയാണ് ചേറ്റൂർ ശങ്കരൻ നായർ.
- "ഗാന്ധിയും അരാജകത്വവും" എന്ന ഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ്.
- വൈസ്രോയിയുടെ എക്സിക്യൂട്ടീവ് അംഗമായ ആദ്യ മലയാളി - സി. ശങ്കരൻ നായർ
- സർ പദവി ലഭിച്ച ആദ്യ മലയാളി - സി. ശങ്കരൻ നായർ (1912)

Q26) കേരള ചരിത്രത്തിലെ പ്രധാന സംഭവങ്ങളെ കാലഗണനാക്രമത്തിലാക്കുക **: (Office Attendant 2025)**

(i) കുളച്ചൽ യുദ്ധം

(ii) ആറ്റിങ്ങൽ കലാപം

(iii) ശ്രീരംഗപട്ടണം സന്ധി

(iv) കണ്ടറ വിളംബരം

A. (i)-(ii)-(iii)-(iv)
B. (iv)-(iii)-(ii)-(i)
C. (ii)-(i)-(iii)-(iv)
D. (iii)-(iv)-(i)-(ii)

Answer: Option C - (ii)-(i)-(iii)-(iv)

- കുളച്ചൽ യുദ്ധം (1741): തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മയും ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയും തമ്മിൽ നടന്ന യുദ്ധമാണിത്. ഈ യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെടുകയും അത് കേരളത്തിൽ അവരുടെ സ്വാധീനം കുറയുന്നതിന് കാരണമാവുകയും ചെയ്തു.
- ആറ്റിങ്ങൽ കലാപം (1721): ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപങ്ങളിൽ ഒന്നാണ് ആറ്റിങ്ങൽ കലാപം. അഞ്ചുതെങ്ങിലെ ബ്രിട്ടീഷ് കോട്ടക്കെതിരെ നാട്ടുകാർ നടത്തിയ പ്രതിഷേധമായിരുന്നു ഇത്.
- ശ്രീരംഗപട്ടണം സന്ധി (1792): മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിനുശേഷം ടിപ്പു സുൽത്താനും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും ഒപ്പുവച്ച സന്ധിയാണിത്. ഈ ഉടമ്പടി പ്രകാരം മലബാർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.
- കണ്ടറ വിളംബരം (1809): വേലുത്തമ്പി ദളവ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ഒരു ആഹ്വാനമാണ് കണ്ടറ വിളംബരം. കൊല്ലത്തെ കണ്ടറയിൽ വെച്ച് നടത്തിയ ഈ വിളംബരത്തിലൂടെ അദ്ദേഹം ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ പോരാടാൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

Q27) ചേരുംപടി ചേർക്കുക: **(Laboratory Assistant 2025)**

I	II
(a) ഇന്ത്യൻ നാഷണൽ ആർമി	i. സി. ആർ. ദാസ്
(b) ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി	ii. ലാലാ ഹർദയാൽ
(c) സ്വരാജ് പാർട്ടി	iii. റാഷ് ബിഹാരി ബോസ്
(d) ഗദർ പാർട്ടി	iv. സൂര്യസെൻ

A. a-iv, b-iii, c-ii, d-i
B. a-iii, b-iv, c-i, d-ii
C. a-iv, b-ii, c-i, d-iii
D. a-iii, b-iv, c-ii, d-i

Answer: Option B - a-iii, b-iv, c-i, d-ii

വിപ്ലവ പ്രസ്ഥാനങ്ങൾ	സ്ഥാപകർ
അഭിനവ ഭാരത് സൊസൈറ്റി	വി ഡി സവർക്കർ
അനുശീലൻ സമിതി	ബരീന്ദർ കുമാർ ഘോഷ്, പുലിൻ ബിഹാരി ദാസ്
ഗദ്ദാർ പാർട്ടി	ലാല ഹർദയാൽ
ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി	സൂര്യസെൻ
ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസ്സോസ്സിയേഷൻ	ഭഗത് സിംഗ്

Q28) ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പൂർണ്ണസ്വരാജ് പ്രഖ്യാപിച്ചത് ഏത് സമ്മേളനത്തിൽ വെച്ചാണ്? **(Assistant Salesman 2025)**

A. നാഗ്പൂർ
B. ബോംബെ
C. ലാഹോർ
D. അലഹബാദ്

Answer: Option C - ലാഹോർ

- കോൺഗ്രസിന്റെ ലക്ഷ്യം പൂർണ്ണ സ്വാരാജ് ആണെന്ന് പ്രഖ്യാപിച്ച സമ്മേളനം - 1929ലെ ലാഹോർ സമ്മേളനം
- ലാഹോർ സമ്മേളനത്തിന്റെ അധ്യക്ഷൻ - ജവഹർലാൽ നെഹ്റു
- INC രൂപീകൃതമായത് - 1885 ഡിസംബർ 28
- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്ഥാപകൻ -അലൻ ഒക്ടേവിയൻ ഹ്യൂം

Q29) കേരളത്തിൽ ബ്രിട്ടീഷുകാരുടെ പ്രത്യക്ഷഭരണത്തിൻ കീഴിലുണ്ടായിരുന്ന പ്രദേശം : **(Assistant Salesman 2025)**

A. കൊച്ചി
B. കൊല്ലം
C. തിരുവിതാംകൂർ
D. മലബാർ

Answer: Option D - മലബാർ

- പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയിൽ മൈസൂർ സുൽത്താന്മാരായ ഹൈദരലിയും ടിപ്പുവും കേരളത്തിലേക്ക് പടയോട്ടം നയിച്ചു.
- നെടിയിരുപ്പ് സ്വരൂപം , കോലസ്വരൂപം , മറ്റു ചെറിയ സ്വരൂപങ്ങൾ മൈസൂർ സുൽത്താന്മാരുടെ അധീനതയിലായി.
- മിക്ക നാടുവാഴികളും വേണാട്ടിലേക്കു പാലായനം ചെയ്തു.
- പെരുമ്പടപ്പ്സ്വരൂപം മൈസൂർ സുൽത്താന്മാരുടെ പരമാധികാരം അംഗീകരിച്ചു.
- പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ടിപ്പുവിനെ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി പരാജയപ്പെടുത്തി മലബാർ പൂർണമായും ബ്രിട്ടീഷ് അധീനതയിലാക്കി.
- സ്വതന്ത്രഭരണാധികാരികൾ എന്ന നിലയിലുള്ള നാടുവാഴി സ്വരൂപങ്ങളുടെ അധികാരം മലബാറിൽ അവസാനിച്ചു.

Q30) 1857 ലെ കലാപത്തിൽ ആരയിൽ നേതൃത്വം നല്കിയ നേതാവ് **?** **(10th Prelims Stage 2025)**

A. നാനാസാഹിബ്
B. ഭക്ത് ഖാൻ
C. കൻവർസിംഗ്
D. ബഹദൂർ ഖാൻ

Answer: Option C - കൻവർസിംഗ്

- കൻവർ സിംഗ് - 1857 ലെ കലാപകാലത്ത് ബിഹാറിലും ആരയിലും ബ്രിട്ടീഷ് ഭരണത്തിനെതിരായ കലാപത്തിന് അദ്ദേഹം നേതൃത്വം നൽകി.
- താന്തിയ തോപ്പി - ഗ്വാളിയോർ
- നാനാ സാഹിബ്- കാൺപൂർ
- മൗലവി അഹമ്മദുല്ല- ഫൈസാബാദ്

Q31) 'കേരളഗാന്ധി' എന്നറിയപ്പെടുന്ന സ്വാതന്ത്ര്യ സമരസേനാനി **(10th Prelims Stage 2025)**

A. ഖാൻ അബ്ദുൾഗാഫർഖാൻ
B. K. കേളപ്പൻ
C. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
D. സഹോദരൻ അയ്യപ്പൻ

Answer: Option B- K. കേളപ്പൻ

- പൂർണ്ണ നാമം: കോയപ്പള്ളി കേളപ്പൻ നായർ
- ജനനം: 1889 ഓഗസ്റ്റ് 24-ന് കൊയിലാണ്ടിയിൽ
- മരണം: 1971 ഒക്ടോബർ 7-ന്

- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിയൻ തത്വങ്ങൾ കേരളത്തിൽ പ്രചരിപ്പിച്ചതിലും സാമൂഹിക പരിഷ്കരണ രംഗത്തെ സംഭാവനകൾകൊണ്ടും അദ്ദേഹം 'കേരള ഗാന്ധി' എന്ന് അറിയപ്പെടുന്നു.

Q32) ഉപ്പു സത്യാഗ്രഹത്തിന്റെ ഭാഗമായി കേരളത്തിൽ ആദ്യമായി ഉപ്പുകുറുക്കൽ സമരം നടന്ന സ്ഥലം **:** **(10th Prelims Stage 2025)**

A. പയ്യന്നൂർ
B. കോഴിക്കോട്
C. ആലുവ
D. തിരുവനന്തപുരം

Answer: Option A - പയ്യന്നൂർ

- പ്രധാന കേന്ദ്രം: പയ്യന്നൂരിലെ ഉളിയത്ത് കടവ്
- നേതൃത്വം: കെ. കേളപ്പൻ, മൊയ്യാരുത്ത് ശങ്കരമേനോൻ, സി. എച്ച്. ഗോവിന്ദൻ നമ്പ്യാർ എന്നിവർ
- തുടക്കം: 1930 ഏപ്രിൽ 21-ന് ഉപ്പുകുറുക്കൽ സമരം ആരംഭിച്ചു.

പ്രധാന സംഭവങ്ങൾ:

- കെ. കേളപ്പന്റെ നേതൃത്വത്തിലുള്ള 32 അംഗ ജാഥ കോഴിക്കോട്ടു നിന്ന് പുറപ്പെട്ടു.
- സത്യാഗ്രഹ ക്യാമ്പ് പിന്നീട് ബ്രിട്ടീഷുകാർ റെയ്ഡ് ചെയ്യുകയും അന്തേവാസികളെ മർദ്ദിക്കുകയും ചെയ്തു.
- കേരളത്തിലെ ഉപ്പുസത്യാഗ്രഹത്തിന് പ്രധാന വേദിയായതിനാൽ പയ്യന്നൂർ 'രണ്ടാം ബർദോളി' എന്നറിയപ്പെടുന്നു.

Q33) താഴെപറയുന്നവയിൽ മലബാറിലെ സ്വാതന്ത്ര്യ സമരവുമായി ബന്ധമില്ലാത്ത സംഭവമേത്**?** **(10th Prelims Stage 2025)**

A. 1916ൽ ആനിബസന്റിന്റെ അധ്യക്ഷതയിൽ നടന്ന കോൺഗ്രസ്സ്, സമ്മേളനം
B. കീഴരിയൂർ ബോംബ് കേസ്
C. മുഹമ്മദ് അബ്ദുറഹിമാന്റെ നേതൃത്വത്തിൽ നടന്ന ഉപ്പു നിയമ ലംഘന സമരം
D. 1936ലെ ഇലക്ട്രിസിറ്റി സമരം

Answer: Option D - 1936ലെ ഇലക്ട്രിസിറ്റി സമരം

- 1936-ൽ കൊച്ചിയിൽ നടന്ന ഇലക്ട്രിസിറ്റി സമരം, തൃശ്ശൂർ നഗരത്തിലെ വൈദ്യുതി വിതരണാവകാശം സ്വകാര്യ കമ്പനിക്ക് നൽകിയതിൽ പ്രതിഷേധിച്ചാണ് നടന്നത്.
- ഇ. ഇക്കണ്ട വാര്യർ, ഡോ. എ.ആർ. മേനോൻ, സി.ആർ. ഇയ്യുണ്ണി തുടങ്ങിയവരായിരുന്നു സമരത്തിന് നേതൃത്വം നൽകിയത്.

- സർക്കാർ മർദ്ദനം ഉപയോഗിച്ചെങ്കിലും, തൃശ്ശൂരിലെ ക്രിസ്ത്യൻ സമുദായത്തെ ദേശീയ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരാൻ ഈ സമരം സഹായിച്ചു.

Q34) വയനാട്ടിലെ കുറിച്യകലാപവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഏതെല്ലാം? **(10th Prelims Stage 2025)**

(i) ബ്രിട്ടീഷുകാർ അമിത നികുതി ചുമത്തിയത്

(ii) നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചു

(iii) നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി പിടിച്ചെടുത്തു

(iv) എല്ലാം ശരിയുത്തരങ്ങളാണ്

A. i
B. ii
C. iii
D. iv

Answer: Option D - iv

- 1812-ൽ വയനാട്ടിൽ നടന്ന സ്വാതന്ത്ര്യ സമരമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന ഒരു സമരമാണ് കുറിച്യകലാപം.
- കുറിച്യകലാപത്തിന്റെ പ്രധാനകാരണം മലബാറിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി നടപ്പാക്കിയ ജനവിരുദ്ധ നികുതിനയങ്ങളായിരുന്നു.
- വയനാട്, കോട്ടയം, കുറുമ്പ്രനാട്, കൊട്ടിയം ദേവസ്വങ്ങളുടെ അവകാശികൾ കുറിച്യരായിരുന്നു.
- കന്നഡഭാഷയിൽ കുറി എന്ന പദത്തിന് മല എന്നും, ചിയൻ എന്നതിന് ആൾ എന്നുമാണ് അർത്ഥം.
- എന്നാൽ കുറിച്യർ എന്ന പേര് പഴശ്ശിരാജാവ് നൽകിയതാണെന്ന് കുറിച്യരുടെ പിൻതലമുറക്കാർ വിശ്വസിക്കുന്നുണ്ട്.
- എന്നാൽ കുറിച്യർ, കുറവർ, കുറുമ്പൻ എന്നീ പേരുകളെല്ലാം ഒന്നു തന്നെയാണെന്ന് വില്ല്യം ലോഗൻ രേഖപ്പെടുത്തിയിരിക്കുന്നു.

Q35) ഗാന്ധിജിയുടെ ബഹിഷ്കരണ സമര രീതിയെ എതിർത്തുകൊണ്ട് **1923-**ൽ സ്വരാജ് പാർട്ടിയ്ക്ക് രൂപം നൽകിയ നേതാക്കൾ ആരെല്ലാം? **(10th Prelims Stage 2025)**

(i) ഗോപാലകൃഷ്ണ ഗോഖലെ

(ii) സുബാഷ് ചന്ദ്ര ബോസ്

(iii) C.R. ദാസ്

(iv) മോത്തിലാൽ നെഹ്റു

A. (i), (iv)
B. (ii), (iii)
C. (iii), (iv)
D. (i), (ii)

Answer: Option C - (iii), (iv)

- ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി കോൺഗ്രസ് നിയമസഭകൾ ബഹിഷ്കരിക്കാൻ തീരുമാനിച്ചിരുന്നു.
- എന്നാൽ, C.R. ദാസും മോത്തിലാൽ നെഹ്റുവും ഉൾപ്പെടെയുള്ള ഒരു വിഭാഗം നേതാക്കൾ നിയമസഭകളിൽ പ്രവേശിച്ചുകൊണ്ട്, ഉള്ളിൽ നിന്ന് സർക്കാരിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന് ഒരു തന്ത്രം സ്വീകരിക്കണമെന്ന് വാദിച്ചു. ഇവരെ മാറ്റുമുണ്ടാക്കേണ്ടവർ എന്നും അറിയപ്പെട്ടിരുന്നു.
- കോൺഗ്രസിനുള്ളിൽ ഈ അഭിപ്രായ വ്യത്യാസം രൂക്ഷമായതിനെത്തുടർന്ന്, 1923-ൽ C.R. ദാസും മോത്തിലാൽ നെഹ്റുവും ചേർന്ന് സ്വരാജ് പാർട്ടിക്ക് രൂപം നൽകി. C.R. ദാസ് ആയിരുന്നു പാർട്ടിയുടെ പ്രസിഡന്റ്, മോത്തിലാൽ നെഹ്റു സെക്രട്ടറിയും.

Q36) സ്വാതന്ത്ര്യ സമരകാലത്ത് ഇന്ത്യാക്കാരിൽ ദേശസ്നേഹം വളർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഭാരത് മാതാ എന്ന ചിത്രം വരച്ചത് ആരായിരുന്നു? **(10th Prelims Stage 2025)**

A. രാജാ രവിവർമ്മ
B. അബനീന്ദ്രനാഥ ടാഗോർ
C. നന്ദലാൽ ബോസ്
D. അമൃതാ ഷേർഗിൽ

Answer: Option C - അബനീന്ദ്രനാഥ ടാഗോർ

- സ്വാതന്ത്ര്യ സമരകാലത്ത് ഇന്ത്യാക്കാരിൽ ദേശസ്നേഹം വളർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഭാരത് മാതാ എന്ന പ്രശസ്ത ചിത്രം വരച്ചത് അബനീന്ദ്രനാഥ ടാഗോർ ആയിരുന്നു.
- ചിത്രത്തിന് അദ്ദേഹം ആദ്യം നൽകിയ പേര് 'ബംഗാ മാതാ' (മാതൃമൂർത്തി) എന്നായിരുന്നു.
- സ്വാതന്ത്ര്യ സമരത്തിന്റെ മുന്നേറ്റത്തോടെ, ഈ ചിത്രം 'ഭാരത് മാതാ' എന്ന പേരിൽ ഭാരതം മുഴുവൻ ദേശീയ വികാരത്തിന്റെ പ്രതീകമായി മാറി.
- കാവി വസ്ത്രം ധരിച്ച സന്യാസിനി രൂപത്തിലുള്ള ഭാരത മാതാവ് നാല് കൈകളിൽ പുസ്തകം, നെൽക്കതിർ, വെളുത്ത തുണി, ജപമാല എന്നിവ ഏന്തി നിൽക്കുന്നതായാണ് ചിത്രീകരിച്ചിരിക്കുന്നത്. (ഇവ യഥാക്രമം ശിക്ഷ (വിദ്യാഭ്യാസം), അന്നം, വസ്ത്രം, ദീക്ഷ (ആത്മീയത) എന്നിവയെ സൂചിപ്പിക്കുന്നു.)

Q37) സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭാഗമാകാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ ഏതെല്ലാം **(10th Prelims Stage 2025)**

(i)കാശ്മീർ, തിരുവിതാംകൂർ, ജനഗഡ്

(ii) ഹൈദ്രാബാദ്, കൊച്ചി, മൈസൂർ

(iii) നഗഡ്, ഗ്വാളിയേർ, ഹൈദ്രാബാദ്

(iv) ഹൈദ്രാബാദ്, ജൂനഗഡ്, കാശ്മീർ

A. (i)
B. (ii)
C. (iii)
D. (iv)

Answer: Option D - (iv)

- ഇന്ത്യൻ യൂണിയനിൽ ചേരുന്നതിൽ തുടക്കത്തിൽ പ്രതിസന്ധി സൃഷ്ടിച്ച പ്രധാനപ്പെട്ട മൂന്ന് നാട്ടുരാജ്യങ്ങൾ ഇവയാണ്: ജൂനഗഢ്, ഹൈദരാബാദ്, കാശ്മീർ
- ജൂനഗഢ് (Junagadh): ഗുജറാത്തിലെ ഈ നാട്ടുരാജ്യം പാകിസ്താനോട് ചേരാൻ തീരുമാനിച്ചു. എന്നാൽ ഭൂരിഭാഗം ജനങ്ങളും ഇന്ത്യയോട് ചേരാൻ ആഗ്രഹിച്ചു. തുടർന്ന്, ഹിതപരിശോധന (Referendum) നടത്തി ജൂനഗഢിനെ 1948-ൽ ഇന്ത്യയുമായി ലയിപ്പിച്ചു.
- ഹൈദരാബാദ് (Hyderabad): ഇന്ത്യയിലെ ഏറ്റവും വലിയ നാട്ടുരാജ്യങ്ങളിലൊന്നായിരുന്ന ഹൈദരാബാദ്, ഒരു സ്വതന്ത്ര രാജ്യമായി നിലകൊള്ളാൻ ആഗ്രഹിച്ചു. ഇതിനെത്തുടർന്ന്, ഇന്ത്യൻ സൈന്യം ഓപ്പറേഷൻ പോളോ (Operation Polo) എന്ന സൈനിക നടപടിയിലൂടെ 1948-ൽ ഹൈദരാബാദിനെ ഇന്ത്യൻ യൂണിയന്റെ ഭാഗമാക്കി.
- കാശ്മീർ (Kashmir): കാശ്മീർ രാജാവായിരുന്ന ഹരി സിംഗ് സ്വതന്ത്രമായി നിലനിൽക്കാൻ ആഗ്രഹിച്ചു. എന്നാൽ പാകിസ്താൻ പിന്തുണയുള്ള ഗോത്രവർഗ്ഗക്കാർ കാശ്മീരിനെ ആക്രമിച്ചപ്പോൾ, ഹരി സിംഗ് ഇന്ത്യൻ യൂണിയനിൽ ചേരുന്നതിനുള്ള കരാറിൽ (Instrument of Accession) ഒപ്പുവെച്ചു. ഇതോടെ കാശ്മീർ 1947 ഒക്ടോബറിൽ ഇന്ത്യയുടെ ഭാഗമായി.

Q38) കേരളത്തിലെ ഏറ്റവും ചെറിയ നദി **(10th Level Prelims, 2025)**

A. കല്ലായി
B. പാമ്പാർ
C. മഞ്ചേശ്വരം പുഴ

D. ഉപ്പള

Answer: Option C - മഞ്ചേശ്വരം പുഴ

- കേരളത്തിലെ ഏറ്റവും ചെറിയ നദിയാണ് മഞ്ചേശ്വരം പുഴ, ഇതിന് 16 കിലോമീറ്റർ നീളമേയുള്ളൂ.
- ബാലപ്പുണി കുന്നുകളിൽ നിന്ന് ഉത്ഭവിച്ച ഈ നദി കാസർഗോഡ് ജില്ലയിലെ ഉപ്പള തടാകത്തിലേക്ക് പതിക്കുന്നു.
- കേരളത്തിൽ നദിയായി കണക്കാക്കപ്പെടാനാവശ്യമായ നീളം - 15KM
- തലപ്പാടിപ്പുഴ എന്നറിയപ്പെടുന്ന നദിയാണ് മഞ്ചേശ്വരം പുഴ.

Q39) കേരളത്തിലെ ആദ്യ വന്യജീവി സങ്കേതം **(10th Level Prelims, 2025)**

A. പെരിയാർ
B. വയനാട്
C. ഇടുക്കി
D. പറമ്പിക്കുളം

Answer: Option A - പെരിയാർ

- കേരളത്തിലെ ഏറ്റവും വലിയ വന്യജീവി സങ്കേതം : പെരിയാർ
- പെരിയാർ വന്യജീവി സങ്കേതം തുടക്കത്തിൽ അറിയപ്പെട്ടിരുന്നത് : നെല്ലിക്കാംപെട്ടി ഗെയിം സാങ്ച്വറി (1934)
- 1934 ൽ നെല്ലിക്കാംപെട്ടി ഗെയിം സാങ്ച്വറി സ്ഥാപിതമായപ്പോൾ തിരുവിതാംകൂർ രാജാവ് : ശ്രീ ചിത്തിരതിരുനാൾ
- ശബരിമല സ്ഥിതി ചെയ്യുന്ന വന്യ ജീവി സങ്കേതം : പെരിയാർ

Q40) പൂക്കോട് തടാകം ഏത് ജില്ലയിലാണ് ? **(10th Level Prelims, 2025)**

A. വയനാട്
B. തൃശ്ശൂർ
C. കൊല്ലം
D. കാസർഗോഡ്

Answer: Option A - വയനാട്

- കേരളത്തിലെ ഏറ്റവും ചെറുതും ഏറ്റവും ഉയരത്തിൽ സ്ഥിതിചെയ്യുന്നതുമായ ശുദ്ധജലതടാകമാണ് പൂക്കോട് തടാകം.
- വയനാട് ജില്ലയിലാണ് തടാകം സ്ഥിതി ചെയ്യുന്നത്.
- കേരളത്തിലെ ഏറ്റവും വടക്കേ അറ്റത്തെ ശുദ്ധജലതടാകവും പൂക്കോട് തന്നെ.
- സമുദ്ര നിരപ്പിൽ നിന്നും 2100 അടി ഉയരത്തിലായാണ് തടാകത്തിന്റെ സ്ഥാനം.

Q41) കേരളത്തിലെ ആദ്യ ജലവൈദ്യുത പദ്ധതി **(10th Level Prelims, 2025)**

A. കുറ്റിയാടി
B. ശബരിഗിരി
C. പള്ളിവാസൽ
D. ഇടുക്കി

Answer: Option C - പള്ളിവാസൽ

- 1940 ലാണ് പള്ളിവാസൽ പദ്ധതി പ്രവർത്തനം തുടങ്ങിയത്.
- തിരുവിതാംകൂർ ദിവാനായിരുന്ന സി. പി. രാമസ്വാമി അയ്യർ പള്ളിവാസൽ പവർഹൗസിന്റെ ഉദ്ഘാടനം 19-3-1940 ന നിർവഹിച്ചു.
- കേരളത്തിൽ ഏറ്റവും കൂടുതൽ ജലവൈദ്യുത പദ്ധതികളുള്ള ജില്ല : ഇടുക്കി
- കേരളത്തിലെ ആദ്യ വൈദ്യുത മന്ത്രി : വി.ആർ.കൃഷ്ണയ്യർ

Q42) കേരളത്തിലെ ആദ്യത്തെ മാതൃകാ മത്സ്യബന്ധന ഗ്രാമം **(10th Level Prelims, 2025)**

A. കുമ്പളങ്ങി
B. ചെല്ലാനം
C. താനൂർ
D. ആറാട്ടുപുഴ

Answer: Option A - കുമ്പളങ്ങി

- മത്സ്യത്തൊഴിലാളി സഹകരണ സംഘടനയുടെ അപെക്സ് ഫെഡറേഷൻ : മത്സ്യഫെഡ്
- മത്സ്യഫെഡ് രൂപീകൃതമായ വർഷം : 1984
- മത്സ്യഫെഡറേഷൻ ഉൽപ്പന്നം : ന്യൂട്രിഫിഷ്
- കേരളത്തിലെ ആദ്യ മാതൃകാ മത്സ്യ ബന്ധന ഗ്രാമം : കുമ്പളങ്ങി

Q43) പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത് **? (10th Level Prelims, 2025)**

A. മീശപ്പുലിമല
B. ആനമുടി
C. മീശപ്പുലിമല
D. കോട്ടമല

Answer: Option B - ആനമുടി

- പശ്ചിമ ഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ രണ്ടാമത്തെ കൊടുമുടിയാണ് മീശപ്പുലിമല.
- ഡെക്കാൻ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണ് ആനമുടി.

- ഉപദ്വീപീയ പീഠഭൂമിയിലെ /ഉപദ്വീപീയ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ആനമുടിയാണ്.
- ആനമല ,ഏലമല,പളനിമല എന്നിവ സംഗമിക്കുന്നത് ആനമുടിയിലാണ്.

Q44) കേരളത്തിലെ ആദ്യത്തെ ദേശീയോദ്യാനം **: (10th Level Prelims, 2025)**

A. ചിന്നാർ
B. പാമ്പാടും ചോല
C. ഇരവികുളം
D. പെരിയാർ

Answer: Option C - ഇരവികുളം

- കേരളത്തിലെ ആദ്യ ദേശീയോദ്യാനം : ഇരവികുളം,1978
- ഇരവികുളം പാർക്കിനെ വന്യ ജീവി സങ്കേതമായി പ്രഖ്യാപിച്ച വർഷം : 1975
- ഇരവികുളം പാർക്കിനെ ദേശീയോദ്യാനമാക്കി ഉയർത്തിയ വർഷം : 1978
- വരയാടുകളുടെ സംരക്ഷണ കേന്ദ്രം : ഇരവികുളം,ഇടുക്കി

Q45) കേരളത്തിൽ കറുത്ത മണ്ണ് കാണപ്പെടുന്ന ജില്ല**? (10th Level Prelims, 2025)**

A. പത്തനംതിട്ട
B. പാലക്കാട്
C. ഇടുക്കി
D. വയനാട്

Answer: Option B - പാലക്കാട്

- കറുത്ത മണ്ണ് ചെർണോസെം എന്നും അറിയപ്പെടുന്നു , ഇത് കറുത്ത നിലം എന്നർത്ഥം വരുന്ന ചെർനോസെം എന്ന റഷ്യൻ പദത്തിൽ നിന്ന് എടുത്തതാണ്.
- കേരളത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലും കിഴക്കൻ പ്രദേശങ്ങളിലുമാണ് കറുത്ത പരുത്തി മണ്ണ് പ്രധാനമായും കണ്ടുവരുന്നത്.
- അലൂമിനിയം, ഇരുമ്പ്, ജൈവാംശങ്ങൾ എന്നിവയുടെ സാന്നിധ്യം കാരണം കറുത്ത നിറം കാണപ്പെടുന്നു.
- പരുത്തി കൃഷിക്ക് ഈ മണ്ണ് ഏറ്റവും അനുയോജ്യമാണ്.

Q46) കേരളത്തിലെ ഏറ്റവും വലിയ കായൽ**? (10th Level Prelims, 2025)**

A. വേമ്പനാട്ട് കായൽ
B. അഷ്ടമുടി കായൽ
C. കായംകുളം കായൽ

D. കൊടുങ്ങല്ലൂർ കായൽ

Answer: Option A - വേമ്പനാട്ട് കായൽ

- കേരളത്തിലെ ഏറ്റവും വലുതും ഏറ്റവും നീളമേറിയതുമായ കായൽ ആണ് വേമ്പനാട് കായൽ.
- വേമ്പനാട് കായൽ വ്യാപിച്ചു കിടക്കുന്ന ജില്ലകൾ : എറണാകുളം, കോട്ടയം,ആലപ്പുഴ
- കുട്ടനാട്ടിൽ പുന്നമട കായൽവേമ്പനാട് കായൽ അറിയപ്പെടുന്നത് എന്നാണ്.
- 'കൊച്ചിക്കായൽ' എന്നറിയപ്പെടുന്ന കായൽ വേമ്പനാട് കായലാണ്.

Q47) കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതി: **(10th Level Prelims, 2025)**

A. കല്ലട
B. പീച്ചി
C. ഇടമലയാർ
D. ശാസ്താംകോട്ട

Answer: Option A - കല്ലട

- കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയാണ് കല്ലട ജലസേചന പദ്ധതി.
- കുളത്തൂപ്പുഴ, ശെന്തുരുണിയാർ, കൽത്തുരുത്തിയാർ എന്നിവ ചേർന്നാണ് കല്ലടയാർ നദി രൂപപ്പെടുന്നത്.
- ഗുണഭോക്താക്കളായ ജില്ലകൾ: കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ 3 തെക്കൻ കേരള ജില്ലകളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.

Q48) തണ്ണീർമുക്കം ബണ്ട് ഏത് കായലിലാണ് നിർമ്മിച്ചിരിക്കുന്നത്? **(10th Level Prelims, 2025)**

A. പുന്നമട
B. വേമ്പനാട്
C. ശാസ്താംകോട്ട
D. അഷ്ടമുടികായൽ

Answer: Option B - വേമ്പനാട്

- കുട്ടനാട്ടിലെ നെൽക്കൃഷിയെ ഉപ്പുവെള്ളക്കയറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി നിർമ്മിച്ച പ്രശസ്തമായ തടയണയാണ് തണ്ണീർമുക്കം ബണ്ട്.
- കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ട് കായലിന് കുറുകെയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.
- കടമക്കുടി ദ്വീപ് സ്ഥിതി ചെയ്യുന്ന കേരളത്തിലെ കായൽ : വേമ്പനാട്ടുകായൽ

Q49) താഴെപ്പറയുന്ന ധാതുക്കളിൽ ഏതിൻറെ നിക്ഷേപമാണ് കേരളത്തിലെ കാസർഗോഡ് ജില്ലയിലെ നീലേശ്വരത്തു കാണപ്പെടുന്നത്? **(LDC, 2025)**

A. ബോക്സൈറ്റ്
B. ചൈനാ ക്ലേ
C. സിലിക്കാ മണൽ
D. ചുണ്ണാമ്പ് കല്ല്

Answer: Option A - ബോക്സൈറ്റ്

- ബോക്സൈറ്റ് (Bauxite) എന്നത് അലൂമിനിയം ഉത്പാദനത്തിന് ഉപയോഗിക്കുന്ന പ്രധാന ധാതുവാണ്.
- കേരളത്തിൽ ബോക്സൈറ്റ് നിക്ഷേപം കാസർഗോഡ് ജില്ലയിലെ നീലേശ്വരത്തിലും പരിസര പ്രദേശങ്ങളിലും കാണപ്പെടുന്നു.
- ചൈനാ ക്ലേ – കോട്ടയം, ആലപ്പുഴ ജില്ലകളിൽ
- സിലിക്കാ മണൽ – കൊല്ലം, ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ തീരപ്രദേശങ്ങളിൽ
- ചുണ്ണാമ്പ് കല്ല് – പാലക്കാട്, തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ

Q50) 1986 ൽ ഉൾനാടൻ ജലഗതാഗത അതോറിറ്റി ശുപാ കൊണ്ടശേഷം ഇന്ത്യയിൽ അഞ്ച് ജലപാതകളെ ദേശീയ ജലപാതകളായി പ്രഖ്യാപിച്ചു. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതിരകനാൽ അറിയപ്പെടുന്നത് **(Office Attendant, 2025)**

A. ദേശീയജലപാത 4 (NW 4)
B. ദേശീയജലപാത 3 (NW 3)
C. ദേശീയജലപാത 2 (NW 2)
D. ദേശീയജലപാത 5 (NW 5)

Answer: Option B - ദേശീയജലപാത **3 (NW 3)**

ദേശീയ ജലപാത 3 (NW 3)

- ദേശീയ ജലപാത 3 കേരളത്തിലാണ് സ്ഥിതി ചെയ്യുന്നത്.
- ഇതൊരു പശ്ചിമ തീര കനാൽ ആണ്.
- കൊല്ലം മുതൽ കോട്ടപ്പുറം വരെയാണ് ഇതിന്റെ പ്രധാന ഭാഗം.
- ചമ്പക്കര കനാലും ഉദ്യോഗമണ്ഡൽ കനാലും ഇതിൽ ഉൾപ്പെടുന്നു.
- 1993 ലാണ് ഇതിനെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചത്.
- ഇന്ത്യയിലെ 24 മണിക്കൂറും യാത്രാസൗകര്യമുള്ള ആദ്യത്തെ ദേശീയ ജലപാതയാണിത്.

Q51) കേരളത്തിലെ പാരമ്പര്യേതര, ഊർജസ്രോതസ്സുകളെ കുറിച്ച് പഠനം നടത്തുന്ന ഏജൻസി **(10th Level Prelims, 2025)**

A. KSEB
B. KUSAT
C. ANERT
D. NTPC

Answer: Option C - ANERT

- കേരളത്തിൽ പാരമ്പര്യേതര (Non-conventional) ഊർജ്ജ സ്രോതസ്സുകളെക്കുറിച്ച് പഠനം നടത്തുകയും അവയുടെ പ്രചാരത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രധാന ഏജൻസി ANERT ആണ്.
- ANERT എന്നാൽ Agency for Non-conventional Energy and Rural Technology (ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി).
- സ്ഥാപിതമായത്: 1986-ൽ
- ലക്ഷ്യം: കേരളത്തിൽ ബദൽ ഊർജ്ജ സ്രോതസ്സുകളും (Alternative/Renewable Energy) ഗ്രാമീണ സാങ്കേതികവിദ്യകളും ജനകീയമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇത് കേരള സർക്കാരിന്റെ വൈദ്യുതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്.

Q52) Cardamom കുന്ന് ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്? **(10th Level Prelims, 2025)**

A. കേരളം
B. തമിഴ്നാട്
C. മഹാരാഷ്ട്ര
D. ഹരിയാന

Answer: Option A - കേരളം

- കാർഡമം കുന്ന് (Cardamom Hills / ഏലമല) പ്രധാനമായും സ്ഥിതി ചെയ്യുന്നത് കേരളം സംസ്ഥാനത്താണ്.
- തെക്കേ ഇന്ത്യയിലെ പടിഞ്ഞാറൻ ഘട്ടത്തിന്റെ (Western Ghats) ഭാഗമായി, പ്രധാനമായും കേരളത്തിലെ ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലനിരകളാണ് ഏലമല (Cardamom Hills)
- ഇതിന്റെ കിഴക്കൻ ഭാഗം തമിഴ്നാടുമായി അതിർത്തി പങ്കിടുന്നു.

Q53) കേരളത്തിലെ ആദ്യത്തെ ജല വൈദ്യുത പദ്ധതിയായ പള്ളിവാസൽ ഏത് നദിയിലാണ്? **(10th Level Prelims, 2025)**

A. മുതിരപ്പുഴ
B. പെരിയാർ
C. കുന്തിപ്പുഴ

D. ഭാരതപ്പുഴ

Answer: Option A - മുതിരപ്പുഴ

- കേരളത്തിൽ സ്ഥാപിതമായ ഏറ്റവും ആദ്യത്തെ ജലവൈദ്യുത പദ്ധതിയാണ് പള്ളിവാസൽ ജല വൈദ്യുത പദ്ധതി.
- പെരിയാറിന്റെ പോഷകനദിയായ മുതിരപ്പുഴയിലാണ് ഈ പദ്ധതി നിർമ്മിച്ചിരിക്കുന്നത്.
- 1940 മാർച്ച് 19-ന് അന്നത്തെ തിരുവിതാംകൂർ ദിവാനായിരുന്ന ശ്രീ സി.പി. രാമസ്വാമി അയ്യർ ആണ് ഈ പദ്ധതി നാടിന് സമർപ്പിച്ചത്.
- തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ ഭരണകാലത്താണ് ഈ പദ്ധതി യാഥാർത്ഥ്യമായത്.

Q54) കൊച്ചിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന പക്ഷിസങ്കേതം : **(10th Level Prelims, 2025)**

A. മംഗളവനം
B. ഇരവികുളം
C. തട്ടേക്കാട്
D. പെരിയാർ

Answer: Option A - മംഗളവനം

- കേരളത്തിലെ ഏറ്റവും വിസ്തൃതി കുറഞ്ഞ സംരക്ഷിത പ്രദേശമാണ് മംഗളവനം പക്ഷിസങ്കേതം.
- കേരളത്തിലെ പക്ഷിസങ്കേതങ്ങളിൽ നഗര പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പക്ഷി സങ്കേതമാണ് മംഗളവനം പക്ഷി സങ്കേതകേന്ദ്രം.
- കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ഒരു ദ്വീപിലാണ് ഇത് സ്ഥിതി ചെയ്യുന്നത്.
- കൊച്ചി നഗരത്തിലെ വായുമലിനീകരണം കുറയ്ക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതിനാൽ ഇത് 'കൊച്ചിയുടെ ശ്വാസകോശം' (Green Lung of Kochi) എന്നറിയപ്പെടുന്നു.

Q55) വിഴിഞ്ഞം തുറമുഖം സ്ഥിതി ചെയ്യുന്ന കേരളത്തിലെ ജില്ല : **(10th Level Prelims, 2025)**

A. കൊല്ലം
B. എറണാകുളം
C. പാലക്കാട്
D. തിരുവനന്തപുരം

Answer: Option D - തിരുവനന്തപുരം

- കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിന്റെ ഭാഗമായ വിഴിഞ്ഞത്ത് അറബിക്കടലിൽ നിർമ്മിച്ച തുറമുഖമാണ് തിരുവനന്തപുരം അന്താരാഷ്ട്ര തുറമുഖം.
- വിഴിഞ്ഞത്തുനിന്നും 10 നോട്ടിക്കൽ മൈൽ അകലെ അന്താരാഷ്ട്ര കപ്പൽപ്പാത കടന്നുപോകുന്നു.

- രാജ്യത്തെ ആഴമേറിയ ട്രാൻസ്ഷിപ്മെന്റ് പോർട്ടാണ് വിഴിഞ്ഞം.
- മദർഷിപ്പുകളെ അടുപ്പിക്കാൻ കഴിയുന്നതിനാൽ ഇത്തരം പോർട്ടുകൾ മദർപോർട്ട് എന്നും അറിയപ്പെടാറുണ്ട്.

Q56) കേരളത്തിലെ നിത്യ ഹരിത വനം **: (10th Level Prelims, 2025)**

A. സൈലന്റ് വാലി
B. ഇരവികുളം
C. ഇടുക്കി
D. നീലഗിരി

Answer: Option A - സൈലന്റ് വാലി

- കേരളത്തിൽ പാലക്കാട് ജില്ലയിലായി പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന ദേശീയോദ്യാനമാണ് സൈലന്റ്വാലി ദേശീയോദ്യാനം.
- 1914-ൽ മദ്രാസ് സർക്കാർ ഈ പ്രദേശത്തെ സംരക്ഷിത പ്രദേശമായി പ്രഖ്യാപിച്ചു.
- 1985 സെപ്റ്റംബർ 7-ന അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധി സൈലന്റ്വാലി ദേശീയോദ്യാനം രാഷ്ട്രത്തിന സമർപ്പിച്ചു.
- നീലഗിരി പീഠഭൂമിയുടെ ഭാഗമാണെങ്കിലും തെക്കു ഭാഗം പാലക്കാടൻ സമതലങ്ങളുമായി ചേർന്നാണ് സ്ഥിതി ചെയ്യുന്നത്.

Q57) ദക്ഷിണഭാഗിരഥി എന്ന് അറിയപ്പെടുന്ന നദി **: (10th Level Prelims, 2025)**

A. മഞ്ചേശ്വരം പുഴ
B. പമ്പ
C. പാമ്പാർ
D. ആയിരൂർ

Answer: Option B - പമ്പ

- കേരളത്തിലെ മൂന്നാമത്തെ നീളം കൂടിയ നദിയാണ് പമ്പ.
- ദക്ഷിണ ഭാഗീരഥി എന്നും ബാരിസ് (Baris) എന്നും ഇതറിയപ്പെടുന്നു.
- ശബരിമലയിലെ അയ്യപ്പ ക്ഷേത്രത്തിന്റെ സാന്നിധ്യം മൂലം പുണ്യനദിയായി അറിയപ്പെടുന്ന പമ്പാനദിയെ ദക്ഷിണ ഭഗീരഥി എന്ന് വിളിക്കുന്നു.
- ഗ്രീക്ക് സഞ്ചാരിയായ ടോളമിയാണ് പമ്പയെ 'ബാരിസ്' എന്ന് വിശേഷിപ്പിച്ചത്.

Q58) നാഥുല ചുരം ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത് **? (10th Level Prelims, 2025)**

A. സിക്കിം

B. ജമ്മു കാശ്മീർ
C. ഹിമാചൽ പ്രദേശ്
D. ഉത്തരാഖണ്ഡ്

Answer: Option A - സിക്കിം

- നാഥുലാ ചുരം - സിക്കിം-ടിബറ്റ്
- ജെലപ്ലാ ചുരം - സിക്കിം
- ഷിപ്കില - ഹിമാചൽ പ്രദേശ് - ടിബറ്റ്
- റോഹ്തങ് ചുരങ്ങൾ - ഹിമാചൽ പ്രദേശ്
- സോജില - ശ്രീനഗർ - കാർഗിൽ
- ഫോട്ടുലാ, നാമികാ ലാ ചുരങ്ങൾ - ജമ്മു കാശ്മീർ

Q59) ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക് വ്യവസായശാല ഏത് ? **(Laboratory Assistant, 2025)**

A. ടാറ്റാ ഇരുമ്പുരുക്കു കമ്പനി
B. ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി
C. വിശ്വേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ വർക്സ് ലിമിറ്റഡ്
D. ഭിലായ് സ്റ്റീൽ പ്ലാന്റ്

Answer: Option C - വിശ്വേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ വർക്സ് ലിമിറ്റഡ്

- ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക് വ്യവസായ പ്ലാന്റ് -വിശ്വേശ്വരയ്യ അയൺ ആൻഡ് സ്റ്റീൽ പ്ലാന്റ്(കർണാടക)
- വിശ്വേശ്വരയ്യ ഇരുമ്പുരുക്ക് വ്യവസായശാല ഭദ്രാവതി ഇരുമ്പുരുക്ക് ശാല എന്ന പേരിലും അറിയപ്പെടുന്നു.
- ഇന്ത്യയിലെ ഏറ്റവും വലിയ ഇരുമ്പുരുക്ക് നിർമാണശാല - ബൊക്കാറോ
- ഇന്ത്യയിലെ ഏറ്റവും ലാഭകരമായ പൊതുമേഖലാ സ്റ്റീൽ പ്ലാന്റ് - ഭിലായ്

Q60) പ്രസിദ്ധമായ ചിൽക്ക തടാകം സ്ഥിതിചെയ്യുന്ന സംസ്ഥാനം ? **(LDC, 2025)**

A. ഒഡീഷ
B. കർണ്ണാടക
C. പശ്ചിമ ബംഗാൾ
D. തമിഴ്നാട്

Answer: Option A - ഒഡീഷ

- ഇന്ത്യയിലെ ഒഡീഷ സംസ്ഥാനത്ത് കിഴക്ക് തീരത്ത് ബംഗാൾ ഉൾക്കടലിനോട് ചേർന്നുള്ള ലവണജല തടാകമാണ് ചിൽക്ക തടാകം.
- പുരി, ഖുർദ, ഖഞ്ജാം എന്നീ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഈ തടാകം ദയ നദിയുടെ പതനപ്രദേശം കൂടിയാണ്.
- വലിപ്പത്തിൽ ഏഷ്യയിലെ ഏറ്റവും വലുതും ലോകത്തിലെ രണ്ടാമത്തേയും ലഗൂൺ ആണിത്.
- വംശനാശഭീഷണി നേരിടുന്ന അപൂർവയിനം ഐരാവതി ഡോൾഫിനുകളുടെ പ്രധാന ആവാസകേന്ദ്രങ്ങളിൽ ഒന്നാണ് ചിൽക്കയിലെ സത്തപദ എന്ന പ്രദേശം.

Q61) താഴെ തന്നിരിക്കുന്ന പർവ്വത-ചുരങ്ങളെ സമുദ്രനിരപ്പിൽ നിന്നുമുള്ള ഉയരത്തിനനുസരിച്ച് അവരോഹണ ക്രമത്തിൽ വിന്യസിക്കുക. **(LDC, 2025)**
(i) ബുർജി-ലാ

(ii) ഫോട്ടു-ലാ

(iii) ബാരാ-ലാച്ചാ-ലാ

(iv) സോജി-ലാ

A. (i)-(iii)-(iv)-(ii)
B. (iii)-(i)-(ii)-(iv)
C. (ii)-(i)-(iii)-(iv)
D. (ii)-(i)-(iv)-(iii)

Answer: Option B - (iii)-(i)-(ii)-(iv)

- ബാരാ-ലാച്ചാ-ലാ (Baralacha La): സ്ഥാനം: ഹിമാചൽ പ്രദേശ്-ലഡാക്ക് അതിർത്തിയിൽ
- സോജി-ലാ (Zoji La): സ്ഥാനം: ശ്രീനഗറിലെ ഹൈവേയിൽ, സോനമാർഗ്-ദ്രാസ്സ് റൂട്ടിൽ
- ബുർജി-ലാ (Burzil La): സ്ഥാനം: ജമ്മു-കാശ്മീരിലെ ഗിൽഗിത്ത് മേഖലക്ക് സമീപം
- ഫോട്ടു-ലാ (Fotu La): ലഡാക്കിലെ ശ്രീനഗർ-ലെ ഹൈവേ

Q62) ഇന്ത്യയുടെ **58-**ാമത് കടുവ സംരക്ഷണ കേന്ദ്രമായ മാധവ് നാഷണൽ പാർക്ക് ഏതു സംസ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്**?** **(Office Attendant, 2025)**

A. മധ്യപ്രദേശ്
B. കർണ്ണാടക
C. രാജസ്ഥാൻ
D. മഹാരാഷ്ട്ര

Answer: Option A - മധ്യപ്രദേശ്

മാധവ് നാഷണൽ പാർക്ക് (Madhav National Park)

- സ്ഥാനം: ശിവ്പുരി (Shivpuri), മധ്യപ്രദേശ്
- സ്ഥാപിതമായ വർഷം: 1959-ൽ വനം സംരക്ഷണ കേന്ദ്രമായി സ്ഥാപിച്ചു; പിന്നീട് ദേശീയോദ്യാനമായി പ്രഖ്യാപിച്ചു
- 2023-ൽ, മാധവ് നാഷണൽ പാർക്കിന് "കടുവ സംരക്ഷണ കേന്ദ്രം" (Tiger Reserve) എന്ന പദവി ലഭിച്ചു.
- മധ്യപ്രദേശ് തന്നെ രാജ്യത്തെ അതിവേഗം വളരുന്ന കടുവാ ജനസംഖ്യ ഉള്ള സംസ്ഥാനങ്ങളിലൊന്നാണ്.

Q63) ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തരപർവ്വത മേഖല വഹിക്കുന്ന പങ്കുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്? **(Office Attendant, 2025)**

A. നദികളുടെ ഉത്ഭവപ്രദേശം
B. മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴ പെയ്യിക്കുന്നു
C. ഉഷ്ണകാലത്ത് തെക്ക് നിന്നും വിശ്രുന്ന വരണ്ട ശീതകാറ്റിനെ ഇന്ത്യയിലേയ്ക്ക് കടക്കാതെ ചെറുക്കുന്നു
D. വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണ മാകുന്നു

Answer: Option C - ഉഷ്ണകാലത്ത് തെക്ക് നിന്നും വിശ്രുന്ന വരണ്ട ശീതകാറ്റിനെ ഇന്ത്യയിലേയ്ക്ക് കടക്കാതെ ചെറുക്കുന്നു

- ശീതക്കാറ്റിൽ നിന്നുള്ള സംരക്ഷണം: ഉത്തരപർവ്വതങ്ങൾ, പ്രത്യേകിച്ച് ഹിമാലയം, മധ്യേഷ്യയിൽ നിന്നുള്ള തണുത്ത കാറ്റിനെ തടയുന്നു. ഇത് ഉത്തരേന്ത്യയെ താരതമ്യേന ഊഷ്മളമായി നിലനിർത്താൻ സഹായിക്കുന്നു. ഈ പർവ്വതനിരകൾ ഇല്ലായിരുന്നെങ്കിൽ, ഉത്തരേന്ത്യ ഒരു തണുത്ത മരുഭൂമിക്ക് സമാനമായ അവസ്ഥയിൽ എത്തിയേനെ.
- മൺസൂൺ കാറ്റുകളെ തടയുന്നു: തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ ഈ പർവ്വതങ്ങളിൽ തട്ടി വടക്കേ ഇന്ത്യയിൽ മഴ പെയ്യുന്നു. ഹിമാലയം ഇല്ലായിരുന്നെങ്കിൽ, ഈ കാറ്റുകൾക്ക് മധ്യേഷ്യയിലേക്ക് കടന്നുപോവുകയും ഇന്ത്യയിൽ കാര്യമായ മഴ ലഭിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. അതിനാൽ, ഇന്ത്യ ഒരു മൺസൂൺ കാലാവസ്ഥയുള്ള രാജ്യമായി നിലനിൽക്കുന്നതിന് ഉത്തരപർവ്വതങ്ങൾക്ക് വലിയ പങ്കുണ്ട്.
- നദികളുടെ ഉത്ഭവസ്ഥാനം: ഗംഗ, യമുന, ബ്രഹ്മപുത്ര തുടങ്ങിയ പ്രധാന നദികളുടെ ഉത്ഭവസ്ഥാനം ഹിമാലയത്തിലെ മഞ്ഞുമൂടിയ കൊടുമുടികളും ഹിമാനികളും ആണ്. ഇത് ഉത്തരേന്ത്യൻ സമതലങ്ങളെ ഫലഭൂയിഷ്ഠമാക്കുകയും ജലസേചനത്തിന് സഹായിക്കുകയും ചെയ്യുന്നു.

Q64) താഴെ പറയുന്നവയിൽ കൂട്ടത്തിൽ ചേരാത്ത ഭൂരൂപമേതെന്ന് തിരിച്ചറിയുക. **(VFA (Revenue), 2025)**

A. അപവഹന ഗർത്തം
B. ക്ലൗൺശിലകൾ
C. ടെറായി
D. മണൽമേടുകൾ

Answer: Option C - ടെറായി

ടെറായി

- ടെറായി മേഖലയിൽ സ്ഥിതി ചെയ്യുന്ന ദേശീയ ഉദ്യാനം - ദുധ്വാ
- ടെറായി വ്യാപിച്ചു കിടക്കുന്ന സംസ്ഥാനങ്ങൾ ഹരിയാന, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ എന്നിവയാണ്.
- ഇന്ത്യാ വിഭജനത്തിനു ശേഷം പാക്കിസ്ഥാനിലെ കുടിയേറ്റക്കാർക്ക് കൃഷിഭൂമിക്കു വേണ്ടി ഒരുക്കിയെടുത്ത പ്രദേശം ടെറായ് ആണ്.
- ടെറായ് മേഖലയുടെ ശരാശരി ഉയരം 750 മീറ്ററിൽ താഴെയാണ്.
- ടെറായ് മേഖല ഭാബർ സമതലത്തിനു തെക്കായി സ്ഥിതി ചെയ്യുന്നു.

Q65) ഇന്ത്യയുടെ കിഴക്കേ അറ്റത്തുള്ള രേഖാംശം **(Assistant Salesman, 2025)**

A. 97° 25' കിഴക്ക്
B. 77° 6' കിഴക്ക്
C. 68° 7' കിഴക്ക്
D. 82° 32′ കിഴക്ക്

Answer: Option A - 97° 25' കിഴക്ക്

- ഭൂമിയുടെ ഉത്തര ദക്ഷിണ ധ്രുവങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന സാങ്കല്പിക രേഖയാണ് രേഖാംശരേഖ.
- സമയം അളക്കാൻ ഉപയോഗിക്കുന്ന രേഖയാണ് രേഖാംശരേഖ.
- കാലാവസ്ഥ നിർണയിക്കുന്ന രേഖയാണ് അക്ഷാംശരേഖ.
- ഇന്ത്യയുടെ അക്ഷാംശീയ സ്ഥാനം - 8 °4 വടക്കു മുതൽ 37°6 വടക്ക് വരെ
- ഇന്ത്യയുടെ രേഖാംശ സ്ഥാനം - 68 ഡിഗ്രി 7 മിനിറ്റ് കിഴക്ക് മുതൽ 97 ഡിഗ്രി 25 മിനിറ്റ് കിഴക്ക് വരെ

Q66) പഞ്ചാബ്-ഹരിയാന സമതലത്തിന്റെ രൂപീകരണത്തിന് കാരണമാകുന്ന നദി **(Assistant Salesman, 2025)**

A. ലൂണി
B. ഗംഗ
C. ബ്രഹ്മപുത്ര
D. സിന്ധു

Answer: Option D - സിന്ധു

- പഞ്ചാബ് - ഹരിയാന സമതല രൂപീകരണത്തിന് കാരണമാകുന്ന നദികൾ : സിന്ധുവും പോഷക നദികളും

- ഗംഗ സമതല രൂപീകരണത്തിന് കാരണമാകുന്ന നദികൾ : ഗംഗയും പോഷക നദികളും
- മരുസ്ഥലി ഭാഗർ സമതല രൂപീകരണത്തിന് കാരണമാകുന്ന നദികൾ : ലൂണി- സരസ്വതി നദികൾ
- ആസ്സാമിലെ ബ്രഹ്മപുത്ര സമതല രൂപീകരണത്തിന് കാരണമാകുന്ന നദികൾ : ബ്രഹ്മപുത്രയും പോഷക നദികളും
- ഇന്ത്യയിൽ ഏറ്റവും ഫലഫൂയിഷ്ടമായ പ്രദേശം : സിന്ധു ഗംഗ സമതലം / ഉത്തരമഹാസമതലം
- ഹിമാലയൻ നദികളും അവയുടെ പോഷക നദികളും വഹിച്ചുകൊണ്ട് വരുന്ന അവസാദങ്ങൾ നിക്ഷേപിച്ച് ഹിമാലയത്തിന്റെ തെക്ക് ഭാഗത്ത് രൂപം കൊണ്ട സമതലം : ഉത്തരമഹാസമതലം

Q67) പാരമ്പര്യേതര ഊർജസ്രോതസ്സുകളിൽ ഉൾപെടാത്തതേത്? **(Assistant Salesman, 2025)**

A. സൗരോർജം
B. വേലിയോർജം
C. പെട്രോളിയം
D. കാറ്റിൽ നിന്നുള്ള ഊർജം

Answer: Option C- പെട്രോളിയം

പാരമ്പര്യ ഊർജസ്രോതസ്സുകൾ

- പരമ്പരാഗതമായി ഉപയോഗിക്കുന്ന ഊർജ സ്രോതസ്സുകൾ ആണിത്.
- ഉദാഹരണം - ഫോസിൽ ഇന്ധനങ്ങൾ
- ജൈവവശിഷ്ടങ്ങൾ ഭൂമിക്കടിയിൽ പെട്ട് അനേക വർഷങ്ങളിലെ മാറ്റങ്ങളിലൂടെ രൂപം കൊണ്ട ഇന്ധനങ്ങളാണ് ഫോസിൽ ഇന്ധനങ്ങൾ.
- കൽക്കരി, പെട്രോളിയം, പ്രകൃതി വാതകം എന്നിവ ഫോസിൽ ഇന്ധനങ്ങളാണ്.

പാരമ്പര്യേതര ഊർജസ്രോതസ്സുകൾ

- പരമ്പരാഗതമായി അല്ലാതെ അടുത്തകാലത്തായി ഉപയോഗിക്കാൻ തുടങ്ങിയ ഊർജസ്രോതസ്സുകളാണിവ.
- ഉദാഹരണം - സൗരോർജം,കാറ്റിൽ നിന്നുള്ള ഊർജം,തിരമാലയിൽ നിന്നുള്ള ഊർജം.

പാരമ്പര്യേതര ഊർജസ്രോതസ്സുകളുടെ മേന്മകൾ:

- ചെലവ് കുറവ്.
- പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നില്ല.

Q68) ജയന്തിയാ **(Jaintia)** കുന്ന് ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത് ? **(10th Level Prelims, 2025)**

A. മിസോറാം
B. ഗുജറാത്ത്
C. മേഘാലയ
D. ഉത്തർപ്രദേശ്

Answer: Option C - മേഘാലയ

- ജയന്തിയാ (Jaintia) കുന്നുകൾ സ്ഥിതി ചെയ്യുന്നത് മേഘാലയ സംസ്ഥാനത്താണ്.
- ഇത് ഗാരോ, ഖാസി കുന്നുകൾക്കൊപ്പം മേഘാലയ പീഠഭൂമിയുടെ ഭാഗമാണ്.
- ഇവിടെ താമസിക്കുന്ന പ്രധാന ഗോത്രവർഗ്ഗം ജയന്തിയകൾ അഥവാ പ്നാർ ആണ്.
- മേഘാലയയിലെ പ്രധാന കുന്നിൻ പ്രദേശങ്ങളിൽ ഖാസി കുന്നുകൾ , ഗാരോ കുന്നുകൾ എന്നിവയ്ക്കൊപ്പം ജയന്തിയാ കുന്നുകളും ഉൾപ്പെടുന്നു.

Q69) ഉഷ്ണമേഖലയിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏതാണ്? **(10th Level Prelims, 2025)**

A. ഹരിയാന
B. ഗോവ
C. ജമ്മുകാശ്മീർ
D. വെസ്റ്റ് ബംഗാൾ

Answer: Option B - ഗോവ

- ഇന്ത്യയുടെ മധ്യത്തിലൂടെ കടന്നുപോകുന്ന ഭൂമിശാസ്ത്രപരമായ രേഖയാണ് ട്രോപിക് ഓഫ് കാൻസർ (ഉത്തരായനരേഖ). ഈ രേഖയ്ക്ക് തെക്ക് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളെയാണ് പ്രധാനമായും ഉഷ്ണമേഖലയായി (Tropical Zone) കണക്കാക്കുന്നത്.
- ഗോവ (Goa): ട്രോപിക് ഓഫ് കാൻസറിന് തെക്ക് ഭാഗത്തായി പശ്ചിമതീരത്ത് സ്ഥിതി ചെയ്യുന്ന ഒരു സംസ്ഥാനമാണ് ഗോവ. അതിനാൽ, ഇത് പൂർണ്ണമായും ഉഷ്ണമേഖലാ കാലാവസ്ഥാ മേഖലയിലാണ് വരുന്നത്.
- ഹരിയാന (Haryana): ട്രോപിക് ഓഫ് കാൻസറിന് വടക്ക് സ്ഥിതിചെയ്യുന്നതിനാൽ ഇത് ഉഷ്ണമേഖലാ പ്രദേശമല്ല.
- ജമ്മു കാശ്മീർ (Jammu & Kashmir): ഏറ്റവും വടക്ക് സ്ഥിതിചെയ്യുന്നതിനാൽ ഇത് പൂർണ്ണമായും മിതശീതോഷ്ണ മേഖലയിലാണ് (Temperate Zone) ഉൾപ്പെടുന്നത്.
- വെസ്റ്റ് ബംഗാൾ (West Bengal): ഈ സംസ്ഥാനത്തിലൂടെ ട്രോപിക് ഓഫ് കാൻസർ കടന്നുപോകുന്നുണ്ട്. അതിനാൽ, വെസ്റ്റ് ബംഗാളിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഉഷ്ണമേഖലാ മേഖലയിൽ (Tropical Zone) ഉൾപ്പെടുന്നു.

Q70) ധാതുക്കളുടെ 'ഹൃദയ ഭൂമി' എന്നറിയപ്പെടുന്ന പീഠഭൂമി ഏത്? **(10th Level Prelims, 2025)**

A. ഡക്കാൻ പീഠഭൂമി
B. മാൽവാ പീഠഭൂമി

C. ചോട്ടാ നാഗ്പൂർ പീഠഭൂമി
D. ഇവ ഒന്നുമല്ല

Answer: Option C - ചോട്ടാ നാഗ്പൂർ പീഠഭൂമി

- 'ഇന്ത്യയുടെ ധാതു നിക്ഷേപ കലവറ' എന്നും ഈ പീഠഭൂമി അറിയപ്പെടുന്നു
- ഛോട്ടാനാഗ്പൂർ പീഠഭൂമിയിൽ ധാരാളം ധാതു നിക്ഷേപങ്ങൾ (mineral deposits) ഉള്ളതിനാലാണ് ഇത് 'ധാതുക്കളുടെ കലവറ' എന്ന് അറിയപ്പെടുന്നത്.
- ഇത് ഉപദ്വീപീയ പീഠഭൂമിയുടെ (Peninsular Plateau) ഭാഗമാണ്.
- ദാമോദർ നദി ഈ പീഠഭൂമിയിലൂടെയാണ് ഒഴുകുന്നത്.
- പരേഷ് നാഥ് കുന്നുകളാണ് (Pareshnath hills) ഛോട്ടാനാഗ്പൂർ പീഠഭൂമിയുടെ ഏറ്റവും ഉയർന്ന ഭാഗം.

Q71) കാറക്കോറം പർവ്വതയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ; **(10th Level Prelims, 2025)**

I. കാരക്കോറം പർവ്വത നിരയിലാണ് ഗോഡ്വിൻ- ഓസ്റ്റിൻ സ്ഥിതിചെയ്യുന്നത്.

II. ഇന്ത്യൻ ഉപഭ്രഖണ്ഡത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഗോഡ്വിൻ -ഓസ്റ്റിൻ ആണ്

III. കാറക്കോറം പർവ്വതനിരയുടെ തുടർച്ചയാണ് ടിബറ്റിലെ കൈലാസ പർവ്വതനിരകൾ

A. I ശരി
B. I, II ശരി
C. I , II & III ശരി
D. III ശരി

Answer: Option C - I & III ശരി

- ലോകത്തിലെ രണ്ടാമത്തെ ഉയരം കൂടിയ കൊടുമുടിയായ കെ2 (K2) ഉൾപ്പെടെ അറുപതിൽ കൂടുതൽ കൊടുമുടികൾ കാറക്കോറത്തിൽ സ്ഥിതിചെയ്യുന്നുണ്ട്.
- തുർക്കി ഭാഷയിൽ കരിങ്കല്ല് (black rubble) എന്നാണ് കാരക്കോറം എന്ന വാക്കിന്റെ അർത്ഥം.
- ധ്രുവ പ്രദേശത്തെ കൂടാതെ വലിയ അളവിൽ മഞ്ഞ് മൂടി കിടക്കുന്ന പ്രദേശങ്ങളിൽ ഒന്നാണിത്.
- ഇന്ത്യയിൽ സ്ഥിതി ചെയ്യുന്ന ഏറ്റവും ഉയരം കൂടിയ കൊടുമുടി കാഞ്ചൻജംഗ ആണ്.
- ഇന്ത്യൻ ഉപഭ്രഖണ്ഡത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി - K2 (ഗോഡ്വിൻ-ഓസ്റ്റിൻ) , 8611 മീറ്റർ

Q72) മഹാരാഷ്ട്രയിലെ റോഹ മുതൽ കർണാടകത്തിലെ മംഗലാപുരം വരെയുള്ള സഞ്ചാര പാതയിൽ കൊങ്കൺ റെയിൽവേ പിന്നിടുന്ന നദികളുടെ എണ്ണം? **(10th Level Prelims, 2025)**

A. 146
B. 149
C. 144
D. 140

Answer: Option A - 146

- മഹാരാഷ്ട്രയിലെ റോഹയെയും കർണാടകയിലെ മംഗലാപുരത്തെയും ബന്ധിപ്പിക്കുന്ന പാതയാണിത്.
- ഇത് ആകെ 146 നദികളെയും അരുവികളെയും മുറിച്ചുകടക്കുന്നു.
- ഈ പാതയിൽ ഏകദേശം 2,000 പാലങ്ങളും 91 തുരങ്കങ്ങളും ഉൾപ്പെടുന്നു.
- 760 കിലോമീറ്റർ ദൈർഘ്യമുള്ള ഈ റെയിൽ പാത ഒരുഎഞ്ചിനീയറിംഗ് അത്ഭുതമായി കണക്കാക്കപ്പെടുന്നു, ഈ നദികൾക്ക് കുറുകെ കടന്നുപോകുന്നതിനു പുറമേ ഏകദേശം 2,000 പാലങ്ങളും 91 തുരങ്കങ്ങളും ഇതിൽ ഉൾപ്പെടുന്നു.

Q73) കേരളത്തിൽ ആദ്യമായി രൂപം കൊണ്ട് സ്വകാര്യ ബാങ്ക് ഏതായിരുന്നു? **(10th Level Prelims, 2025)**

A. ഇംപീരിയൽ ബാങ്ക്
B. ചാർട്ടേഡ് ബാങ്ക്
C. ഇന്ത്യൻ നാഷണൽ ബാങ്ക്
D. നെടുങ്ങാടി ബാങ്ക്

Answer: Option D - നെടുങ്ങാടി ബാങ്ക്

- 1899-ൽ അപ്പു നെടുങ്ങാടി കോഴിക്കോട് ആസ്ഥാനമായി സ്ഥാപിച്ച ഒരു സ്വകാര്യ ബാങ്കായിരുന്നു നെടുങ്ങാടി ബാങ്ക്.
- ദക്ഷിണേന്ത്യയിലെ സ്വകാര്യമേഖലയിലുള്ള ആദ്യ ബാങ്കായിരുന്നു ഇത്.
- അപ്പു നെടുങ്ങാടി അതിന്റെ ഡയറക്ടറായി സ്ഥാനമേൽക്കുകയും ചെയ്തു.
- 2003-ൽ പഞ്ചാബ് നാഷണൽ ബാങ്ക് നെടുങ്ങാടി ബാങ്കിനെ ഏറ്റെടുത്തു.

Q74) രാജ്യത്തെ പഴയ കേന്ദ്ര ആസൂത്രണ അതോറിറ്റിയായ പ്ലാനിംഗ് കമ്മീഷന് പകരം വന്നത് ? **(Office Attendant, 2025)**

A. നീതി ആയോഗ്
B. ധനകാര്യ കമ്മീഷൻ
C. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ

D. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ

Answer: Option A - നീതി ആയോഗ്

- പൂർണ്ണരൂപം: National Institution for Transforming India
- രൂപീകരണം:
  2015 ജനുവരി 1 (ആസൂത്രണ കമ്മീഷന് പകരമായാണ് ഇത് നിലവിൽ വന്നത്)
- ആസ്ഥാനം: ന്യൂഡൽഹി
- അധ്യക്ഷൻ (Chairperson): രാജ്യത്തിന്റെ പ്രധാനമന്ത്രി (നിലവിൽ നരേന്ദ്ര മോദി)
- ഉപാധ്യക്ഷൻ (Vice-Chairperson): പ്രധാനമന്ത്രിയാണ് ഉപാധ്യക്ഷനെ നിയമിക്കുന്നത്. (ആദ്യ ഉപാധ്യക്ഷൻ: അരവിന്ദ് പനഗരിയ)
- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO): പ്രധാനമന്ത്രി നിയമിക്കുന്നു. (ആദ്യ സി.ഇ.ഒ: സിന്ധുശ്രീ ഖുള്ളർ)

Q75) കേരള മോഡൽ വികസന പദ്ധതി എന്നറിയപ്പെട്ട പഞ്ചവത്സര പദ്ധതി ഏത്? **(Office Attendant, 2025)**

A. എട്ടാം പഞ്ചവത്സര പദ്ധതി
B. ഒമ്പതാം പഞ്ചവത്സര പദ്ധതി
C. പത്താം പഞ്ചവത്സര പദ്ധതി
D. പതിനൊന്നാം പഞ്ചവത്സര പദ്ധതി

Answer: Option C - പത്താം പഞ്ചവത്സര പദ്ധതി

- കേരള മോഡൽ വികസന പദ്ധതി എന്നറിയപ്പെടുന്നത് പത്താം പഞ്ചവത്സര പദ്ധതിയാണ് (2002-2007).
- ഉയർന്ന ജീവിതനിലവാരം, സാമൂഹിക വികസനം, വികേന്ദ്രീകൃത ആസൂത്രണം (ജനകീയാസൂത്രണം) എന്നിവയ്ക്ക് ഊന്നൽ നൽകിയതിനാലാണ് ഈ കാലയളവിനെ കേരള മോഡൽ വികസന പദ്ധതിയായി കണക്കാക്കുന്നത്.
- ഇതിനെ 'റീഫോം പ്ലാൻ' (Reform plan) എന്നും വിശേഷിപ്പിക്കാറുണ്ട്.
- ദേശീയ ദുരന്ത നിവാരണ അതോറിറ്റി സ്ഥാപിതമായ പദ്ധതിയാണ് പത്താം പഞ്ചവത്സര പദ്ധതി.

Q76) 'ഹോട്ടൽ വ്യവസായം' താഴെപ്പറയുന്നവയിൽ ഏതു സാമ്പത്തിക മേഖലയിൽപ്പെടുന്നു? **(Office Attendant, 2025)**

A. പ്രാഥമിക മേഖല
B. ദ്വിതിയ മേഖല
C. തൃതീയ മേഖല

D. സാമ്പത്തിക മേഖല

Answer: Option C - തൃതീയ മേഖല

- പ്രാഥമിക മേഖല (Primary Sector) : പ്രകൃതിവിഭവങ്ങളെ നേരിട്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ നടത്തുന്ന മേഖലയാണിത്.
- ഉദാഹരണങ്ങൾ: കൃഷി (Agriculture), മൃഗസംരക്ഷണം (Animal Husbandry), മത്സ്യബന്ധനം (Fishing), ഖനനം (Mining & Quarrying), വനവൽക്കരണം (Forestry)
- ദ്വിതീയ മേഖല (Secondary Sector): പ്രാഥമിക മേഖലയിൽ നിന്നുള്ള പദാർത്ഥങ്ങളെ (Raw materials) യന്ത്രങ്ങളോ സാങ്കേതികവിദ്യയോ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന മേഖലയാണിത്.
- ഉദാഹരണങ്ങൾ : നിർമ്മാണ പ്രവർത്തനങ്ങൾ (Construction - വീട്, റോഡ്, പാലം പണി), ഫാക്ടറികളും വ്യവസായങ്ങളും (Manufacturing), വൈദ്യുതി, ഗ്യാസ്, ജലവിതരണം, കൈത്തറി, ഖാദി വ്യവസായങ്ങൾ
- തൃതീയ മേഖല (Tertiary Sector) : ഇവിടെ പുതിയ സാധനങ്ങൾ ഒന്നും ഉൽപ്പാദിപ്പിക്കുന്നില്ല. പകരം പ്രാഥമിക, ദ്വിതീയ മേഖലകളുടെ വളർച്ചയ്ക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നു.
- ഉദാഹരണങ്ങൾ : വ്യാപാരം (Trade), ഗതാഗതം (Transport), ആശയവിനിമയം (Communication), ബാങ്കിംഗും ഇൻഷുറൻസും (Banking & Insurance), വിദ്യാഭ്യാസവും ആരോഗ്യവും (Education & Health), ഐ.ടി, ടൂറിസം (IT & Tourism)

Q77) വ്യവസായ-വ്യാപാര, വാണിജ്യ രംഗങ്ങളിലുള്ള സർക്കാരിന്റെ നേരിട്ടുള്ള പങ്കാളിത്തം കുറയ്ക്കുവാൻ ഉദ്ദേശിച്ചുള്ള നയം **(Office Attendant, 2025)**

A. സ്വകാര്യവൽക്കരണം
B. ഉദാരവൽക്കരണം
C. ആഗോളവൽക്കരണം
D. വാണിജ്യവൽക്കരണം

Answer: Option A - സ്വകാര്യവൽക്കരണം

പ്രധാന ലക്ഷ്യങ്ങൾ :

- സ്വകാര്യ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക.
- വിദേശ നിക്ഷേപം ആകർഷിക്കുക.
- വിപണി ശക്തികൾക്ക് കൂടുതൽ പ്രാധാന്യം നൽകുക.
- സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ പങ്ക് കുറയ്ക്കുക (സ്വകാര്യവൽക്കരണം ഇതിന്റെ ഭാഗമാണ്).
- വ്യാപാര ബന്ധങ്ങൾ എളുപ്പമാക്കുക.

Q78) ആഗോളവൽക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? **(Laboratory Assistant, 2025)**

A. രാജ്യങ്ങൾ തമ്മിലുള്ള ദൃത സംയോജന പ്രക്രിയയാണ്.
B. രാജ്യങ്ങൾക്കിടയിൽ കൂടുതൽ കൂടുതൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിക്ഷേപവും സാങ്കേതികവിദ്യയും നീങ്ങുന്നു.
C. ലോകത്തിലെ മിക്ക പ്രദേശങ്ങളും പരസ്പരം അടുത്ത ബന്ധം പുലർത്തുന്നു.
D. മേൽപ്പറഞ്ഞവയെല്ലാം

Answer: Option D - മേൽപ്പറഞ്ഞവയെല്ലാം

- ആഗോളവൽക്കരണം എന്നത് ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും പരിണിതഫലമാണ്.
- രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയുമായി സമന്വിയപ്പിക്കുന്നതിനെ പറയുന്നതാണ് ആഗോളവൽക്കരണം.
- ഇന്ത്യയിൽ പുത്തൻ സാമ്പത്തിക നയം രൂപംകൊണ്ടത് - 1991
- പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കുമ്പോൾ നരസിംഹറാവുവായിരുന്ന പ്രധാനമന്ത്രി, മൻമോഹൻസിങ് ധനകാര്യ മന്ത്രിയും.
- ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവയായിരുന്നു പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

Q79) ഇന്ത്യൻ ആദായനികുതി നിയമം **1961** പ്രകാരം കേന്ദ്ര സർക്കാർ പിരിക്കുന്ന പ്രത്യക്ഷ നികുതി ഏതാണ്? **(Laboratory Assistant, 2025)**

(i) വ്യക്തിഗത ആദായ നികുതി

(ii) കോർപ്പറേറ്റ് നികുതി

(iii) കേന്ദ്ര ചരക്ക് സേവന നികുതി

(iv) സംയോജിത ചരക്ക് സേവന നികുതി

A. (i) & (iv)
B. (iii) & (iv)
C. (iv)
D. (i) & (ii)

Answer: Option D - (i) & (ii)

- പ്രത്യക്ഷ നികുതി (Direct Tax) എന്നത് നികുതി ചുമത്തപ്പെടുന്ന വ്യക്തിയോ സ്ഥാപനമോ നേരിട്ട് സർക്കാരിലേക്ക് അടയ്ക്കുന്ന നികുതിയാണ്. ഇതിൽ നികുതിഭാരം (Tax burden) മറ്റൊരാളിലേക്ക് കൈമാറാൻ സാധിക്കില്ല.

പ്രധാന പ്രത്യക്ഷ നികുതികൾ :

- വരുമാന നികുതി (Income Tax): വ്യക്തികളുടെ വാർഷിക വരുമാനത്തിന്മേൽ ചുമത്തുന്നത്.
- കോർപ്പറേറ്റ് നികുതി (Corporate Tax): കമ്പനികളുടെയും ബിസിനസ്സ് സ്ഥാപനങ്ങളുടെയും ലാഭത്തിന്മേൽ ചുമത്തുന്നത്. (ഇന്ത്യൻ സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന പ്രത്യക്ഷ നികുതിയാണിത്).
- സമ്പത്ത് നികുതി (Wealth Tax): വ്യക്തികളുടെ സമ്പത്തിന്മേൽ ചുമത്തിയിരുന്ന നികുതി (ഇത് 2015-ൽ നിർത്തലാക്കി).
- ഉപഹാര നികുതി (Gift Tax): സമ്മാനമായി ലഭിക്കുന്ന തുകക്കോ സ്വത്തിനോ ചുമത്തുന്നത്.
- തൊഴിൽ നികുതി (Profession Tax): തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി) ഈടാക്കുന്നത്.

Q80) താഴെ കൊടുത്ത പ്രസ്താവനകളിൽ സർക്കാർ ധനനയത്തിന്റെ ലക്ഷ്യങ്ങളുമായി യോജിക്കുന്നവ ഏതെല്ലാം? **(Laboratory Assistant, 2025)**

(i) സാമ്പത്തിക സ്ഥിരത കൈവരിക്കുക

(ii) തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

(iii) അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക

A. (i) & (ii)
B. (i) , (ii) & (iii)
C. (i) & (iii)
D. ഇവ ഒന്നുമല്ല

Answer: Option B - (i) , (ii) & (iii)

- നിക്ഷേപം വർദ്ധിപ്പിക്കുക: സർക്കാർ അടിസ്ഥാന സൗകര്യ വികസനത്തിൽ (റോഡുകൾ, പാലങ്ങൾ, തുറമുഖങ്ങൾ, ഊർജ്ജം) നിക്ഷേപം നടത്തുന്നത് സ്വകാര്യ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.
- ഉപഭോഗം വർദ്ധിപ്പിക്കുക: നികുതി കുറയ്ക്കുന്നതിലൂടെയോ അല്ലെങ്കിൽ പൊതുജനങ്ങൾക്ക് നേരിട്ടുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലൂടെയോ അവരുടെ വാങ്ങൽ ശേഷി വർദ്ധിപ്പിച്ച് സാമ്പത്തിക പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കാൻ സാധിക്കും.
- വ്യവസായങ്ങൾക്ക് പ്രോത്സാഹനം: വ്യവസായങ്ങൾക്ക് നികുതി ഇളവുകൾ, സബ്സിഡികൾ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.

Q81) വികേന്ദ്രീകൃത ആസൂത്രണത്തിന് തുടക്കം കുറിച്ച പഞ്ചവത്സര പദ്ധതി ഏത്? **(Laboratory Assistant, 2025)**

A. ഒമ്പതാം പഞ്ചവത്സര പദ്ധതി
B. എട്ടാം പഞ്ചവത്സര പദ്ധതി
C. ആറാം പഞ്ചവത്സര പദ്ധതി
D. ഏഴാം പഞ്ചവത്സര പദ്ധതി

Answer: Option A - ഒമ്പതാം പഞ്ചവത്സര പദ്ധതി

ഒമ്പതാം പഞ്ചവത്സര പദ്ധതി **(1997-2002)**

- വികേന്ദ്രീകൃത ആസൂത്രണം (Decentralized Planning): ഇന്ത്യയിൽ വികേന്ദ്രീകൃത ആസൂത്രണത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയതും ഇത് പൂർണ്ണതോതിൽ നടപ്പിലാക്കിയതുമായ പദ്ധതിയാണിത്.
- കേരളത്തിലെ ജനകീയാസൂത്രണം: കേരളത്തിൽ പ്രാദേശിക വികസനത്തിനായി ഒമ്പതാം പദ്ധതിയുടെ 35% മുതൽ 40% വരെയുള്ള ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി) നേരിട്ട് നൽകിക്കൊണ്ട് ജനകീയാസൂത്രണം വൻ വിജയമാക്കിയത് ഈ കാലയളവിലാണ്.
- മുൻഗണന നൽകിയ മറ്റ് മേഖലകൾ: കാർഷിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, പ്രാഥമിക വിദ്യാഭ്യാസം, കുടിവെള്ള വിതരണം.

Q82) വാണിജ്യബാങ്കുകളുടെ ധർമ്മങ്ങളിൽ ഉൾപ്പെടാത്തത് ഏത്? **(Laboratory Assistant, 2025)**

A. നിക്ഷേപങ്ങൾ സ്വീകരിക്കുന്നു
B. പണം അച്ചടിച്ചിറക്കുന്നു
C. വായ്പകൾ നൽകുന്നു
D. ലോക്കർ സൗകര്യം നൽകുന്നു

Answer: Option B - പണം അച്ചടിച്ചിറക്കുന്നു

- വാണിജ്യ ബാങ്കുകളുടെ പ്രധാന ധർമ്മങ്ങൾ നിക്ഷേപം സ്വീകരിക്കുക, വായ്പകൾ നൽകുക, പണമിടപാടുകൾ സുഗമമാക്കുക എന്നിവയാണ്.
- ലോക്കർ സൗകര്യം, വിദേശനാണ്യ വിനിമയം, ഇൻഷുറൻസ് പോളിസികൾ വിൽപന തുടങ്ങിയ സേവനങ്ങളും ബാങ്കുകൾ നൽകുന്നു.
- പണം അച്ചടിച്ചിറക്കുന്നു – ഇത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ **(RBI)**യുടെ മാത്രം അധികാരത്തിലാണ്. വാണിജ്യബാങ്കുകൾക്ക് പണം അച്ചടിക്കാനുള്ള അധികാരമില്ല.

Q83) താഴെപ്പറയുന്ന ഇനങ്ങളിൽ നിന്നും ഇന്ത്യൻ ഭരണഘടനയിലെ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ട വിഷയം കണ്ടെത്തുക **?** **(Laboratory Assistant, 2025)**

A. വിദ്യാഭ്യാസം
B. വനം
C. ഇൻഷുറൻസ്
D. പോലീസ്

Answer: Option C - ഇൻഷുറൻസ്

യൂണിയൻ ലിസ്റ്റ് **(Union List /** കേന്ദ്ര ലിസ്റ്റ്**)**

- കേന്ദ്ര സർക്കാരിന് (പാർലമെന്റിന്) മാത്രം നിയമനിർമ്മാണം നടത്താൻ അധികാരമുള്ള വിഷയങ്ങളാണിവ.
- പ്രധാന ഉദാഹരണങ്ങൾ **:**
    - പ്രതിരോധം (Defence)
    - വിദേശകാര്യം (Foreign Affairs)
    - റെയിൽവേ (Railways)
    - ബാങ്കിംഗ് & ഇൻഷുറൻസ് (Banking & Insurance)
    - അണുകേന്ദ്ര ഊർജ്ജം (Atomic Energy)
    - കറൻസി & നാണയങ്ങൾ (Currency)
    - പോസ്റ്റ് & ടെലിഗ്രാഫ് (Post & Telegraph)

Q84) **'**സൃഷ്ടിപരമായ നശീകരണം**'** എന്ന ആശയം ആവിഷ്കരിച്ചത് ഇവരിലാരാണ്**?** **(Assistant Salesman, 2025)**

A. ജെ.എ. ഷുംപീറ്റർ
B. ഡേവിഡ് റിക്കാർഡോ
C. കാൾ മാർക്സ്
D. ജെ.എം. കെയിൻസ്

Answer: Option A - ജെ.എ. ഷുംപീറ്റർ

- 'സൃഷ്ടിപരമായ നശീകരണം' (Creative Destruction) അഥവാ 'സൃഷ്ടിപരമായ നാശം' എന്ന ആശയം ആവിഷ്കരിച്ചത് പ്രശസ്ത ഓസ്ട്രിയൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ജോസഫ് ഷുംപിറ്റർ (Joseph Schumpeter) ആണ്.
- ആശയത്തിന്റെ കാതൽ: മുതലാളിത്ത കമ്പോള വ്യവസ്ഥയിൽ പുതിയ സാങ്കേതികവിദ്യകളും പുത്തൻ ആശയങ്ങളും കടന്നുവരുമ്പോൾ, അവ പഴയതും ലാഭകരമല്ലാത്തതുമായ വ്യവസായങ്ങളെയും ഉൽപ്പന്നങ്ങളെയും പൂർണ്ണമായി തകർക്കുകയും പകരം കൂടുതൽ കാര്യക്ഷമമായ പുതിയവ നിർമ്മിക്കുകയും ചെയ്യും. ഈ പ്രക്രിയയെയാണ് അദ്ദേഹം 'സൃഷ്ടിപരമായ നശീകരണം' എന്ന് വിളിച്ചത്.
- 1942-ൽ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ *'Capitalism, Socialism and Democracy'* എന്ന പുസ്തകത്തിലൂടെയാണ് ഈ ആശയം ജനപ്രിയമായത്.

Q85) സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനപ്രക്രിയയിൽ ഒരു രാജ്യം അഭിമുഖീകരിക്കുന്ന അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളിൽ സാങ്കേതികവിദ്യയുടെ തെരഞ്ഞെടുപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നത് ചുവടെ തന്നിരിക്കുന്ന ഏത് ചോദ്യത്തിലാണ്? **(Assistant Salesman, 2025)**

A. എന്ത് ഉത്പാദിപ്പിക്കണം?
B. എങ്ങനെ ഉത്പാദിപ്പിക്കണം?
C. ആർക്കുവേണ്ടി ഉത്പാദിപ്പിക്കണം?
D. എത്ര അളവിൽ ഉത്പാദിപ്പിക്കണം?

Answer: Option B - എങ്ങനെ ഉത്പാദിപ്പിക്കണം?

ഒരു സമ്പദ്വ്യവസ്ഥയിലെ അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ

1. എന്ത് ഉത്പാദിപ്പിക്കണം ? ഏതളവിൽ?- വിഭവങ്ങളുടെ വിനിയോഗവുമായി ബന്ധപ്പെട്ടത്
2. എങ്ങനെ ഉത്പ്പാദിപ്പിക്കണം? - ഉല്പാദന സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടത്
3. ആർക്കുവേണ്ടി ഉത്പ്പാദിപ്പിക്കണം? - വിതരണവുമായി ബന്ധപ്പെട്ടത്

Q86) ഒരു പ്രദേശത്തെ ഇരുപത് അംഗങ്ങളോളം വരുന്ന ആളുകൾ ഒത്തുചേർന്ന് ചെറിയ സംഘങ്ങൾ രൂപീകരിക്കുന്നു. ഓരോ അംഗവും നിശ്ചിത തുക സംഘത്തിൽ നിക്ഷേപിക്കുന്നു. ബാങ്കുകൾ ഈ സംഘങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നു. അങ്ങനെ രണ്ടു രീതിയിൽ കിട്ടിയ പണം മൂലധനമാക്കി അംഗങ്ങൾക്ക് വായ്പ നൽകുന്നു. ഈ സമ്പ്രദായമാണ് : **(Assistant Salesman, 2025)**

A. ഓഹിരി വിപണി
B. മ്യൂച്വൽ ഫണ്ട്
C. ലൈഫ് ഇൻഷ്വറൻസ്
D. മൈക്രോ ഫിനാൻസ്

Answer: Option D - മൈക്രോ ഫിനാൻസ്

- ഓഹരികളുടെ(വ്യവസായസംരംഭത്തിന്റെ ഭാഗങ്ങൾ)കൈമാറ്റത്തിനായുള്ള ധനകാര്യസംവിധാനമാണ് ഓഹരി വിപണി. സ്റ്റോക്ക് എക്സ്ചേഞ്ചുകൾ ഓഹരി വിപണിയുടെ ഏറ്റവും ചലനാത്മകമായ ഭാഗമാണ്. ഓൾഡ് ഇഷ്യൂ മാർക്കറ്റ് എന്നും ഇത് അറിയപ്പെടാറുണ്ട്.
- പൊതുജനങ്ങളിൽ നിന്നും ചെറിയ നിക്ഷേപങ്ങൾ സ്വീകരിച്ച് അവ സമാഹരിച്ച് അവർക്കു വേണ്ടി പലതരത്തിലുള്ള ഓഹരികളിൽ നിക്ഷേപിച്ച് ലാഭം ഉണ്ടാക്കുന്ന പ്രവർത്തനത്തിലും,നിക്ഷേപ വ്യാപാരത്തിലും ഏർപ്പെട്ടിരിയ്ക്കുന്ന മധ്യവർത്തികളെയാണ് മ്യൂച്ചൽ ഫണ്ടുകൾ എന്നു വിളിയ്ക്കുന്നത്.
- ഇൻഷുറൻസ് പോളിസി എന്നത് ഇൻഷുറർക്കും പോളിസി ഉടമയ്ക്കും ഇടയിലുള്ള ഒരു കരാറാണ്.ഇത് ഇൻഷുറർ നിയമപരമായി അടയ്ക്കേണ്ട ക്ലെയിമുകൾ നിർണ്ണയിക്കുന്നു . പ്രീമിയം എന്നറിയപ്പെടുന്ന ഒരു പ്രാരംഭ പേയ്മെന്റിന് പകരമായി, പോളിസി ഭാഷയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന നഷ്ടത്തിന് ഇൻഷുറർ പണം നൽകുമെന്ന് വാഗ്ദാനം ചെയ്യുന്നു .
- പരമ്പരാഗത ബാങ്കിംഗും അനുബന്ധ സേവനങ്ങളും ലഭ്യമല്ലാത്ത വ്യക്തികളെയും ചെറുകിട ബിസിനസുകളെയും (എസ്എംഇ) ലക്ഷ്യം വച്ചുള്ള സാമ്പത്തിക സേവനങ്ങളാണ് മൈക്രോഫിനാൻസ്.

Q87) 'ഒരു രാജ്യം അതിന്റെ മണ്ണ് മാത്രമല്ല, ഒരു രാജ്യം അതിന്റെ ജനങ്ങളാണ്!' എന്ന വരികൾ ഉദ്ധരിച്ചാണ് കേന്ദ്ര ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ **2025**ലെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ വരികൾ എഴുതിയത് **: (Assistant Salesman, 2025)**

A. ഗുരജഡ അപ്പറാവു
B. രവീന്ദ്രനാഥ ടാഗോർ
C. ഓ.എൻ.വി. കുറുപ്പ്
D. ഡോ. സിന്ധലിങ്കയ്യ

Answer: Option A - ഗുരജഡ അപ്പറാവു

- 1910-ൽ ഗുരജഡ അപ്പറാവു രചിച്ച **'ദേശഭക്തി' (Desabhakti)** എന്ന പ്രശസ്തമായ രാജ്യസ്നേഹ ഗീതത്തിലെ വരികളാണിത്.
- മഹാകവി ഗുരജാഡ അപ്പറാവു ഒരു പ്രമുഖ എഴുത്തുകാരനും തെലുങ്കിലെ സംഭാഷണ സാഹിത്യത്തിന്റെ സ്ഥാപകനുമാണ്.
- കവി എന്നതിലുപരി മികച്ചൊരു നാടകകൃത്ത്, കഥാകൃത്ത്, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ അദ്ദേഹം പ്രശസ്തനായിരുന്നു.
- പ്രധാന കൃതികൾ : കന്യാസുൽകം (Kanyasulkam - 1892), ദേശഭക്തി (Desabhakti - 1910), മുത്യാല സരാലു (Mutyala Saralu), സാരംഗധര (Sarangadhara)

Q88) ലോക സാമ്പത്തിക ഫോറത്തിന്റെ സ്ഥിരം വേദി ഏത്**? (Assistant Salesman, 2025)**

A. ദാവോസ്
B. ലണ്ടൻ

C. ഡൽഹി
D. പാരീസ്

Answer: Option A - ദാവോസ്
ലോക സാമ്പത്തിക ഫോറം

- രൂപീകരണം: 1971
- സ്ഥാപകൻ: ക്ലോസ് ഷ്വാബ് (Klaus Schwab)
- ആസ്ഥാനം:
  കൊളോണി (Cologny), സ്വിറ്റ്സർലൻഡ്
- പഴയ പേര്: യൂറോപ്യൻ മാനേജ്മെന്റ് ഫോറം (1987-ലാണ് വേൾഡ് ഇക്കണോമിക് ഫോറം എന്ന് പുനർനാമകരണം ചെയ്തത്).

Q89) ഇന്ത്യ ലോക വ്യാപാര സംഘടനയിൽ അംഗമാകുന്നത് ഏത് പഞ്ചവത്സര പദ്ധതിയുടെ കാലയളവിലാണ്? **(Assistant Salesman, 2025)**

A. ഒമ്പതാം പഞ്ചവത്സര പദ്ധതി
B. എട്ടാം പഞ്ചവത്സര പദ്ധതി
C. ഏഴാം പഞ്ചവത്സര പദ്ധതി
D. പത്താം പഞ്ചവത്സര പദ്ധതി

Answer: Option B - എട്ടാം പഞ്ചവത്സര പദ്ധതി

- 1995 ജനുവരി 1-നാണ് ലോക വ്യാപാര സംഘടന (WTO) നിലവിൽ വന്നത്. ഇന്ത്യ ഇതിന്റെ ഒരു സ്ഥാപക അംഗമാണ് (Founding Member).
- എട്ടാം പഞ്ചവത്സര പദ്ധതി 1992 മുതൽ 1997 വരെ ആയിരുന്നു ഇന്ത്യയിൽ നടപ്പിലാക്കിയത്.
- ഈ കാലയളവിൽ രാജ്യത്ത് ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം (LPG പരിഷ്കാരങ്ങൾ) എന്നിവ നടപ്പിലാക്കി.
- ഇതിലൂടെ സാമ്പത്തിക വളർച്ചയും, തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടു.

Q90) 6 മുതൽ **14** വയസ്സുവരെയുള്ള കുട്ടികൾക്കു സൗജന്യവും നിർബന്ധിതവും ആയ വിദ്യാഭ്യാസം നൽകണമെന്നത് മാതാപിതാക്കളുടെ കടമയാണെന്ന് നിർദ്ദേശിച്ച ഭരണഘടനാ ഭേദഗതി ഏതാണ്? **(Office Attendant, 2025)**

A. 92nd ഭേദഗതി
B. 86th ഭേദഗതി
C. 44th ഭേദഗതി

D. 52nd ഭേദഗതി

Answer: Option B - 86th ഭേദഗതി

- 86-ാം ഭരണഘടനാ ഭേദഗതി (2002) ആണ് 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഒരുക്കുക എന്നത് മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ അടിസ്ഥാന കടമയായി നിർദ്ദേശിച്ചത്.
- ഇതേ ഭേദഗതിയിലൂടെ 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഒരു അടിസ്ഥാന അവകാശമാക്കി മാറ്റുകയും ആർട്ടിക്കിൾ 21A കൂട്ടിച്ചേർക്കുകയും ചെയ്തു.
- ഈ ഭേദഗതിയിലൂടെ ഭരണഘടനയുടെ Part IV(A)-ൽ ആർട്ടിക്കിൾ 51A (k) ആയി 11-ാമത്തെ അടിസ്ഥാന കടമ കൂട്ടിച്ചേർത്തു.
- ഭേദഗതി വന്ന വർഷം: 2002 (അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി ആയിരുന്നു).

Q91) 1928-ൽ ആരുടെ നേതൃത്തിലാണ് ഇന്ത്യൻ ഭരണഘടനയുടെ കരട് രേഖ നിർമ്മിച്ചത് ? (Office Attendant, 2025)

A. മോട്ടിലാൽ നെഹ്റു
B. ഡോ. രാജേന്ദ്ര പ്രസാദ്
C. ഡോ. ബി.ആർ അംബേദ്കർ
D. സച്ചിദാനന്ദ സിൻഹ

Answer: Option A - മോട്ടിലാൽ നെഹ്റു

- മോത്തിലാൽ നെഹ്റുവിന്റെ (Motilal Nehru) നേതൃത്വത്തിലാണ് 1928-ൽ ഇന്ത്യൻ ഭരണഘടനയുടെ കരട് രേഖ നിർമ്മിച്ചത്. ഇത് നെഹ്റു റിപ്പോർട്ട് (Nehru Report) എന്നറിയപ്പെടുന്നു.
- ഇന്ത്യക്കാർക്ക് പരസ്പരം യോജിക്കാൻ കഴിയുന്ന ഒരു ഭരണഘടന നിർമ്മിക്കാൻ സാധിക്കില്ലെന്ന് അന്നത്തെ ബ്രിട്ടീഷ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് ബിർക്കൻഹെഡ് പ്രഭു (Lord Birkenhead) വെല്ലുവിളിച്ചു. ഈ വെല്ലുവിളി ഏറ്റെടുത്താണ് നെഹ്റു കമ്മിറ്റി രൂപീകരിച്ചത്.
- കമ്മിറ്റി ചെയർമാൻ: മോത്തിലാൽ നെഹ്റു
- കമ്മിറ്റി സെക്രട്ടറി: ജവഹർലാൽ നെഹ്റു

Q92) ജനാധിപത്യ ഭരണഘടനയിൽ ഇല്ലാത്തത് ഏത്**? (Office Attendant, 2025)**

A. രാഷ്ട്രത്തലവന്റെ അധികാരം
B. രാഷ്ട്രത്തലവന്റെ പേര്
C. രാഷ്ട്രത്തിന്റെ പേര്
D. നിയമനിർമ്മാണസഭയുടെ പേര്

Answer: Option B- രാഷ്ട്രത്തലവന്റെ പേര്

- ഭരണഘടനയിൽ ഉള്ളവ:
    - രാഷ്ട്രത്തിന്റെ പേര്: ഭരണഘടനയുടെ ഒന്നാം അനുച്ഛേദത്തിൽ (Article 1) നമ്മുടെ രാജ്യത്തിന്റെ പേര് വ്യക്തമാക്കുന്നുണ്ട് (*"India, that is Bharat..."*).
    - നിയമനിർമ്മാണസഭയുടെ പേര്: ആർട്ടിക്കിൾ 79 പ്രകാരം ഇന്ത്യയുടെ നിയമനിർമ്മാണ സഭ പാർലമെന്റ് (Parliament) എന്നറിയപ്പെടുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
    - രാഷ്ട്രത്തലവന്റെ അധികാരം: ഇന്ത്യൻ രാഷ്ട്രപതിയുടെ ഭരണനിർവ്വഹണ, നിയമനിർമ്മാണ, സൈനിക അധികാരങ്ങൾ ഭരണഘടനയിൽ കൃത്യമായി പ്രതിപാദിക്കുന്നു (ഉദാഹരണത്തിന്: Article 53).

Q93) വില്ലേജ് പഞ്ചായത്തുകൾ രൂപീകരിക്കാൻ സംസ്ഥാന ഗവണ്മെന്റുകളെ ചുമതല പ്പെടുത്തുന്ന ഭരണഘടനാ അനുച്ഛേദം : **(Office Attendant, 2025)**

A. 54
B. 52
C. 40
D. 42

Answer: Option C - 40

- ആർട്ടിക്കിൾ 40 (Article 40) ആണ് വില്ലേജ് പഞ്ചായത്തുകൾ രൂപീകരിക്കാൻ സംസ്ഥാന ഗവൺമെന്റുകളെ ചുമതലപ്പെടുത്തുന്ന ഭരണഘടനാ അനുച്ഛേദം.
- ആർട്ടിക്കിൾ 40 ഭരണഘടനയുടെ Part IV-ൽ (നിർദ്ദേശക തത്വങ്ങൾ / Directive Principles of State Policy) ഉൾപ്പെടുന്നു.
- ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ളതിനാൽ ഇത് ഗാന്ധിയൻ തത്വങ്ങളുടെ (Gandhian Principles) ഗണത്തിൽ പെടുന്നു.

Q94) ഇന്ത്യൻ ഭരണഘടനയിലെ സംസ്ഥാന ലിസ്റ്റിൽ പെടുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത്? **(Office Attendant, 2025)**
(i) കൃഷിയും പോലീസും

(ii) ജയിലും തദ്ദേശ ഗവണ്മെന്റും

(iii) വിദ്യാഭ്യാസവും വനവും

A. Only (i) and (ii)
B. Only (i) and (iii)
C. Only (ii) and (iii)
D. All of the above ((i), (ii) and (iii))

Answer: Option A - Only (i) and (ii)

- വിദ്യാഭ്യാസവും വനവും: രണ്ടു വിഷയങ്ങളും നിലവിൽ Concurrent List-ലാണ്.
- ഇന്ത്യൻ ഭരണഘടനയിലെ "കൺകറന്റ് ലിസ്റ്റ്", ഏഴാം ഷെഡ്യൂളിന്റെ ഭാഗമായി, പാർലമെന്റിനും (കേന്ദ്ര സർക്കാർ) സംസ്ഥാന നിയമസഭകൾക്കും നിയമങ്ങൾ നിർമ്മിക്കാൻ കഴിയുന്ന വിഷയങ്ങളെ വിവരിക്കുന്നു. ഈ പട്ടിക ഓസ്ട്രേലിയൻ ഭരണഘടനയിൽ നിന്ന് കടമെടുത്തതാണ്.
- നിലവിൽ വിദ്യാഭ്യാസം, വനങ്ങൾ, ട്രേഡ് യൂണിയനുകൾ, വിവാഹം, ദത്തെടുക്കൽ തുടങ്ങിയ 52 വിഷയങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

Q95) ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട ചില വകുപ്പുകളും അവയുടെ വിവരണവും നൽകിയിരിക്കുന്നു. ചേരുംപടി ചേർക്കുക? **(Laboratory Assistant, 2025)**

A	B
1. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂന പക്ഷങ്ങൾക്കുള്ള അവകാശം	A. വകുപ്പ് 18
2. മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം	B. വകുപ്പ്22
3. സ്ഥാനപ്പേരുകൾ നിർത്തലാക്കൽ	C. വകുപ്പ് 26
4. അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം	D. വകുപ്പ് 30

A. 1-D. 2 C, 3-B, 4-A
B. 1-D. 2-B, 3-A, 4-C
C. 1-D. 2-C 3-A, 4-B
D. 1-B, 2-C. 3-D. 4-A

Answer: Option C - 1-D. 2-C 3-A, 4-B

- വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂന പക്ഷങ്ങൾക്കുള്ള അവകാശം- വകുപ്പ് 30
- മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം - വകുപ്പ് 26
- സ്ഥാനപ്പേരുകൾ നിർത്തലാക്കൽ - വകുപ്പ് 18
- അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം - വകുപ്പ് 22

Q96) താഴെപ്പറയുന്ന പ്രസ്താവനകളിൽ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്വത്തിനുള്ള അവകാശവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏത് **? (Laboratory Assistant, 2025)**

i) 1978 വരെ സ്വത്തിനുള്ള അവകാശം ഒരു മൗലികാവകാശമായിരുന്നു**.**

ii) ഭരണഘടനയുടെ **30** എ വകുപ്പ് പ്രകാരം നിലവിൽ സ്വത്തിനുള്ള അവകാശം ഒരു നിയമപരമായ അവകാശം മാത്രമാണ്**.**

iii) ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് സ്വത്തിനുള്ള അവകാശം മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തത്**.**

A. (1) മാത്രം
B. (ii) മാത്രം
C. (i) (iii) മാത്രം
D. ഇവയെല്ലാം

Answer: Option A - (1) മാത്രം

- മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്ന് സ്വത്തവകാശം നീക്കം ചെയ്യപ്പെട്ടെങ്കിലും, അത് സംഭവിച്ചത് ഇന്ദിരാഗാന്ധിയുടെ കാലത്തല്ല, പ്രധാനമന്ത്രി മൊറാർജി ദേശായിയുടെ കാലത്താണ്.
- പ്രത്യേകിച്ചും, 1978-ൽ 44-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഇത് നീക്കം ചെയ്യപ്പെട്ടു, ഇത് ദേശായിയുടെ കാലത്ത് നടപ്പിലാക്കി.
- ഈ ഭേദഗതിക്ക് മുമ്പ്, ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(f) ഉം 31 ഉം പ്രകാരം സ്വത്തവകാശം ഒരു മൗലികാവകാശമായിരുന്നു.
- ഭേദഗതി ഇത് മാറ്റി, ആർട്ടിക്കിൾ 300A പ്രകാരം ഇത് നിയമപരമായ അവകാശമാക്കി.
- നിലവിൽ സ്വത്തിനുള്ള അവകാശം ആർട്ടിക്കിൾ 300A പ്രകാരമാണ് — ഇത് Part XII (Miscellaneous) വിഭാഗത്തിൽ നിയമപരമായ അവകാശം ആയി മാറിയിരിക്കുന്നു.

Q97) താഴെപ്പറയുന്ന ഇനങ്ങളിൽ നിന്നും ഇന്ത്യൻ ഭരണഘടനയിലെ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ട വിഷയം കണ്ടെത്തുക **? (Laboratory Assistant, 2025)**

A. വിദ്യാഭ്യാസം

B. വനം
C. ഇൻഷുറൻസ്
D. പോലീസ്

Answer: Option C - ഇൻഷുറൻസ്

- യൂണിയൻ ലിസ്റ്റ് – കേന്ദ്ര സർക്കാർക്ക് മാത്രം നിയമം വരുത്താൻ അധികാരമുള്ള വിഷയങ്ങൾ
- സ്റ്റേറ്റ് ലിസ്റ്റ് – സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണാധികാരമുള്ള വിഷയങ്ങൾ
- കൺകറന്റ് ലിസ്റ്റ് – കേന്ദ്രത്തിനും സംസ്ഥാനത്തിനും നിയമം വരുത്താവുന്ന വിഷയങ്ങൾ
- വിദ്യാഭ്യാസം (Education): കൺകറന്റ് ലിസ്റ്റ് (Concurrent List)
- വനം (Forest): കൺകറന്റ് ലിസ്റ്റ് (Concurrent List)
- പോലീസ് (Police): സ്റ്റേറ്റ് ലിസ്റ്റ് (State List)

Q98) ഇന്ത്യൻ ഭരണഘടനയിൽ വരുത്തിയ ചില പ്രധാനപ്പെട്ട ഭരണഘടന ഭേദഗതികൾ ചുവടെ തന്നിരിക്കുന്നു. ചേരുംപടി ചേർക്കുക? **(Laboratory Assistant, 2025)**

A	B
1. 42-മത് ഭേദഗതി	A. നഗരപ്രദേശങ്ങളിലെ പ്രാദേശിക ഗവൺമെന്റുകളെ സംബന്ധിച്ചത്
2. 61-മത് ഭേദഗതി	B. മിനി ഭരണഘടന
3. 74-മത് ഭേദഗതി	C. മന്ത്രിസഭയിലെ അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച്
4. 91-മത് ഭേദഗതി	D. തെരഞ്ഞെടുപ്പിൽ വോട്ട്ചെയ്യുന്നതിനുള്ള പ്രായം 21ൽ നിന്നും 18 ആയി കുറച്ചു.

A. 1-B.2-D, 3-C, 4-A
B. 1-B. 2-C, 3-A, 4-D
C. 1-D. 2-C,3-B, 4-A
D. 1-B.2-D.3-A.4-C

Answer: Option D - 1-B.2-D.3-A.4-C

- 42-മത് ഭേദഗതി - മിനി ഭരണഘടന
- 61-മത് ഭേദഗതി - തെരഞ്ഞെടുപ്പിൽ വോട്ട്ചെയ്യുന്നതിനുള്ള പ്രായം 21ൽ നിന്നും 18 ആയി കുറച്ചു.
- 74-മത് ഭേദഗതി - നഗരപ്രദേശങ്ങളിലെ പ്രാദേശിക ഗവൺമെന്റുകളെ സംബന്ധിച്ചത്
- 91-മത് ഭേദഗതി -മന്ത്രിസഭയിലെ അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച്

Q99) ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട വകുപ്പ് **19**ൽ പെടാത്ത പ്രസ്താവന ഏത്**? (Assistant Salesman, 2025)**

A. സംസാര സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും
B. ആയുധങ്ങളില്ലാതെ സമാധാനപരമായി സമ്മേളിക്കുക.
C. നിയമത്തിനുമുമ്പിൽ എല്ലാരും തുല്യരാണ്
D. ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കുക

Answer: Option C - നിയമത്തിനുമുമ്പിൽ എല്ലാരും തുല്യരാണ്

- ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14, എല്ലാ പൗരന്മാർക്കും നിയമത്തിന് മുന്നിൽ തുല്യതയും, നിയമത്തിന്റെ തുല്യ പരിരക്ഷയും ഉറപ്പുനൽകുന്നു.
- അതായത്, നിയമം എല്ലാവർക്കും ഒരുപോലെ ബാധകമായിരിക്കും, ആർക്കും പ്രത്യേക പരിഗണന ലഭിക്കില്ല.
- മതം, വർഗ്ഗം, ജാതി, ലിംഗം, ജന്മസ്ഥലം തുടങ്ങിയ കാര്യങ്ങളിൽ ഒരു തരത്തിലുള്ള വിവേചനവും പാടില്ല.

Q100) സോഷ്യലിസം**,** മതേതരത്വം എന്ന രണ്ടു പദങ്ങൾ **42-**ആം ഭേദഗതിയിലൂടെ ഭരണഘനയുടെ ഏത് ഭാഗത്താണ് കൂട്ടിച്ചേർത്തത്**? (Assistant Salesman, 2025)**

A. ആമുഖം
B. നിർദ്ദേശകതത്ത്വങ്ങൾ
C. മൗലികകടമകൾ
D. മൗലിക അവകാശങ്ങൾ

Answer: Option A - ആമുഖം

- 1976-ലെ 42 -ാമത് ഭരണഘടനാ ഭേദഗതി ആക്ടിൽ ആമുഖത്തിൽ "സോഷ്യലിസ്റ്റ്", "സമഗ്രത", "മതേതരത്വം" എന്നീ വാക്കുകൾ ചേർത്തു.
- 1976-ൽ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആണ് ഇന്ത്യൻ ഭരണഘടനയുടെ 42-ാം ഭേദഗതി നിയമം നടപ്പിലാക്കിയത്.
- ഇന്ത്യൻ ഭരണഘടനയിൽ വൻതോതിൽ ഭേദഗതികൾ വരുത്തിയതിനാൽ 42-ാം ഭേദഗതി നിയമം "മിനി-ഭരണഘടന" എന്നും അറിയപ്പെടുന്നു.

Q101) ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാമൂഹ്യനീതി, സാമ്പത്തിക നീതി, രാഷ്ട്രീയ നീതി എന്നീ **3** തരം നീതികളും കടമെടുത്തിരിക്കുന്നത് എവിടെ നിന്നാണ്? **(Assistant Salesman, 2025)**

A. ഫ്രഞ്ച് വിപ്ലവത്തിൽ നിന്ന്
B. റഷ്യൻ വിപ്ലവത്തിൽ നിന്ന്
C. അമേരിക്കൻ ഭരണഘടനയിൽ നിന്ന്
D. ദക്ഷിണ ആഫ്രിക്കയിൽ നിന്ന്

Answer: Option B - റഷ്യൻ വിപ്ലവത്തിൽ നിന്ന്

- 1917-ലെ റഷ്യൻ വിപ്ലവത്തിന്റെ പ്രധാന ആദർശങ്ങളായിരുന്നു ഈ മൂന്ന് നീതികൾ. ഭരണഘടനയിൽ 'നീതി' (Justice) എന്ന ആശയം റഷ്യയിൽ (മുൻ സോവിയറ്റ് യൂണിയൻ / USSR) നിന്നാണ് സ്വീകരിച്ചത്.
- ആമുഖത്തിൽ ഈ മൂന്ന് നീതികളെയും പ്രതിപാദിച്ചിരിക്കുന്നത് സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ നീതി (Social, Economic and Political Justice) എന്ന ക്രമത്തിലാണ്.
- ആമുഖത്തിലെ മറ്റ് പ്രധാന ആദർശങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം (Liberty, Equality, Fraternity) എന്നിവ കടമെടുത്തിരിക്കുന്നത് ഫ്രഞ്ച് വിപ്ലവത്തിൽ (1789) നിന്നാണ്.

Q102) എത്രാമത്തെ ഭരണഘടന ഭേദഗതിയിലൂടെയാണ് മൗലിക കർത്തവ്യങ്ങൾ ഭരണ ഘടനയിൽ ഉൾപ്പെടുത്തിയത്? **(Assistant Salesman, 2025)**

A. 73-ാം ഭേദഗതി
B. 44-ാം ഭേദഗതി
C. 42-ാം ഭേദഗതി
D. 52-ാം ഭേദഗതി

Answer: Option C - 42-ാം ഭേദഗതി

- മൗലിക കർത്തവ്യങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തത് സ്വരൺ സിംഗ് കമ്മിറ്റി (Swaran Singh Committee) ആണ്.
- ഈ ഭേദഗതി പാസാക്കിയത് 1976-ലാണ്. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ആയിരുന്നു.
- ഇതിലൂടെ ഭരണഘടനയിൽ Part IV A, ആർട്ടിക്കിൾ 51A എന്നിവ പുതുതായി കൂട്ടിച്ചേർത്തു.

Q103) താഴെ തന്നിരിക്കുന്നവയിൽ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്നത് ഏതാണ്? **(Assistant Salesman, 2025)**

A. ഫിഷറീസ്
B. കാർഷിക വരുമാന നികുതി
C. വിലനിയന്ത്രണം

D. ലോട്ടറി

Answer: Option D - ലോട്ടറി

- ഭരണഘടനയുടെ ആർട്ടിക്കിൾ 246 പ്രകാരമുള്ള ഏഴാം ഷെഡ്യൂൾ യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാര വിഭജനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.
- ഇതിൽ മൂന്ന് ലിസ്റ്റുകൾ ഉൾപ്പെടുന്നു - യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ്.
- ഫിഷറീസ് (Fisheries): സ്റ്റേറ്റ് ലിസ്റ്റ് (State List)
- കാർഷിക വരുമാന നികുതി (Taxes on Agricultural Income): സ്റ്റേറ്റ് ലിസ്റ്റ് (State List)
- വിലനിയന്ത്രണം (Price Control): കൺകറന്റ് ലിസ്റ്റ് (Concurrent List)

Q104) നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണ് എന്നത് ഭരണഘടനയുടെ ഏത് ആർട്ടിക്കിളിൽ ആണ് പറയുന്നത്**? (10th Level Prelims, 2025)**

A. Article 19
B. Article 14
C. Article 5
D. Article 3

Answer: Option B - Article 14

- നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണ് (Equality before Law) എന്ന് പറയുന്ന ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ ആർട്ടിക്കിൾ 14 ആണ്
- നിയമത്തിനു മുന്നിൽ തുല്യത (Equality before Law): രാജ്യത്തിലെ ഒരു പൗരനെയും നിയമത്തിന് മുകളിൽ കണക്കാക്കുന്നില്ല. എല്ലാവരും ഒരേ നിയമത്തിന് വിധേയരാണ്. (ബ്രിട്ടീഷ് നിയമ വ്യവസ്ഥയിൽ നിന്ന് എടുത്ത ആശയം).
- നിയമങ്ങളുടെ തുല്യ സംരക്ഷണം (Equal Protection of Laws): സമാന സാഹചര്യങ്ങളിലുള്ള എല്ലാവർക്കും നിയമം ഒരുപോലെ സംരക്ഷണം നൽകണം. (അമേരിക്കൻ ഭരണഘടനയിൽ നിന്ന് എടുത്ത ആശയം).

Q105) സർക്കാർ ഉദ്യോഗസ്ഥരോട് തങ്ങളുടെ കടമ നിർവഹിക്കാൻ നിർബന്ധിക്കുന്ന റിട്ട്**? (10th Level Prelims, 2025)**

A. പ്രൊഹിബിഷൻ
B. സെർഷ്യോ ററി
C. മാൻഡമസ്
D. ഹേബിയസ് കോർപ്പസ്

Answer: Option C - മാൻഡമസ്

- മാൻഡമസ് (Mandamus) എന്നത് സുപ്രീം കോടതിക്കോ ഹൈക്കോടതിക്കോ പുറപ്പെടുവിക്കാൻ അധികാരമുള്ള അഞ്ച് തരം റിട്ടുകളിൽ (Writs) ഒന്നാണ്.
- ഈ പദത്തിന്റെ അർത്ഥം "ഞങ്ങൾ ആജ്ഞാപിക്കുന്നു" (We Command) എന്നാണ്.
- ഒരു പൊതു ഉദ്യോഗസ്ഥനോ (Public Official), സർക്കാർ സ്ഥാപനമോ, അല്ലെങ്കിൽ കീഴ്ക്കോടതിയോ അവരുടെ നിയമപരമായ കർത്തവ്യം അല്ലെങ്കിൽ ജോലി ചെയ്യാതിരിക്കുമ്പോൾ, അത് ചെയ്യാൻ ഉത്തരവിട്ടുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന റിട്ടാണിത്.

Q106) മൗലികകടമകൾ ഉൾപ്പെടുത്താൻ ശുപാർശചെയ്ത കമ്മിറ്റി ഏതാണ്? **(10th Level Prelims, 2025)**

A. സ്വരൺ സിംഗ് കമ്മിറ്റി
B. കോത്താരി കമ്മിറ്റി
C. ബൽവെന്ത് റായി മേത്ത കമ്മറ്റി .
D. അശോക് മേത്ത കമ്മിറ്റി

Answer: Option A - സ്വരൺ സിംഗ് കമ്മിറ്റി

- സ്വരൺ സിംഗ് കമ്മിറ്റി (Swaran Singh Committee) ഇന്ത്യൻ ഭരണഘടനയിൽ മൗലിക കർത്തവ്യങ്ങൾ ഉൾപ്പെടുത്താൻ ശുപാർശ ചെയ്ത ചരിത്രപ്രധാനമായ കമ്മിറ്റിയാണ്.
- 1976-ൽ രാജ്യത്ത് അടിയന്തരാവസ്ഥ നിലവിലിരുന്ന കാലത്താണ് ഈ കമ്മിറ്റി രൂപീകരിച്ചത്.
- രൂപീകരിച്ച വർഷം: 1976 (അന്നത്തെ കോൺഗ്രസ് പ്രസിഡന്റ് ഡി.കെ. ബറുവയാണ് പാർട്ടി തലത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചത്. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ആയിരുന്നു).
- ചെയർമാൻ: മുൻ കേന്ദ്രമന്ത്രിയായിരുന്ന സർദാർ സ്വരൺ സിംഗ്

Q107) ഹൈക്കോടതികൾക്ക് റിട്ടുകൾ പുറപ്പെടുവിക്കാൻ അധികാരം നൽകിയിട്ടുള്ള ഭരണഘടന വകുപ്പ് ഏത്? **(10th Level Prelims, 2025)**

A. അനുച്ഛേദം 226
B. അനുച്ഛേദം 32
C. അനുച്ഛേദം 40
D. അനുച്ഛേദം 51 A

Answer: Option A - അനുച്ഛേദം **226**

- ഹൈക്കോടതികൾക്ക് അവരുടെ അധികാരപരിധിയിലുള്ള ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ പ്രസ്തുത വ്യക്തിയുടെ മൗലികാവകാശങ്ങൾ നടപ്പാക്കാനും മറ്റ് നിയമപരമായ അവകാശങ്ങൾ ഉറപ്പാക്കാനും റിട്ടുകൾ പുറപ്പെടുവിക്കാൻ അധികാരം നൽകുന്നു
- മൗലികാവകാശങ്ങൾ നടപ്പാക്കുന്നതിനും മറ്റ് നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഹൈക്കോടതികൾക്ക് ഈ അധികാരം ഉപയോഗിക്കാം.

- സുപ്രീം കോടതിക്ക് ആർട്ടിക്കിൾ 32 പ്രകാരം മൗലികാവകാശങ്ങൾ നടപ്പാക്കുന്നതിൽ മാത്രമായി റിട്ട് പുറപ്പെടുവിക്കാൻ അധികാരമുള്ളപ്പോൾ, ഹൈക്കോടതിക്ക് ആർട്ടിക്കിൾ 226 പ്രകാരം വിശാലമായ അധികാരപരിധിയുണ്ട്
- ഹേബിയസ് കോർപ്പസ്, മാൻഡമസ്, പ്രൊഹിബിഷൻ, സെർട്ടിയോരാരി, ക്വോ വാറന്റോ എന്നിവയാണ് സാധാരണയായി പുറപ്പെടുവിക്കപ്പെടുന്ന അഞ്ച് തരം റിട്ടുകൾ

Q108) ഇന്ത്യൻഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് മൗലിക കടമകളെ കുറിച്ച് പ്രതിപാദിക്കുന്നത്? **(10th Level Prelims, 2025)**

A. അനുച്ഛേദം 51 A
B. അനുച്ഛേദം 2 IA
C. അനുച്ഛേദം 371 A
D. അനുച്ഛേദം 243 A

Answer: Option A - അനുച്ഛേദം **51 A**

- ഭരണഘടനയെ മാനിക്കാനും, രാജ്യത്തിന്റെ പരമാധികാരവും ഐക്യവും സംരക്ഷിക്കാനും, പ്രകൃതിയെ പരിപാലിക്കാനും, ശാസ്ത്രീയ മനോഭാവം വളർത്താനും, പൊതുമുതൽ സംരക്ഷിക്കാനും, എല്ലാവർക്കും ഇടയിൽ സാഹോദര്യം പ്രോത്സാഹിപ്പിക്കാനും,ഓരോ പൗരനും ബാധ്യതയുണ്ടെന്ന് ഇത് നിഷ്കർഷിക്കുന്നു.
- അതുപോലെ 6 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നൽകാനും ഓരോ പൗരനും ബാധ്യതയുണ്ടെന്ന് ഇത് നിഷ്കർഷിക്കുന്നു.
- ഇന്ത്യൻ ഭരണഘടനയുടെ ഭാഗം IVA-യിലാണ് ഈ കർത്തവ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

Q109) അവസര സമത്വ'ത്തെ കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ വകുപ്പേത്? **(10th Level Prelims, 2025)**

A. 14-ആം വകുപ്പ്
B. 16-ആം വകുപ്പ്
C. 18-ആം വകുപ്പ്
D. 24-ആം വകുപ്പ്

Answer: Option B- 16-ആം വകുപ്പ്

- ആർട്ടിക്കിൾ 16 (Article 16) ആണ് പൊതുമേഖലാ തൊഴിലവസരങ്ങളിൽ 'അവസര സമത്വ'ത്തെ (Equality of opportunity in matters of public employment) കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ വകുപ്പ്.

- ആർട്ടിക്കിൾ 16 ഭരണഘടനയുടെ Part III-ൽ (മൗലികാവകാശങ്ങൾ) സമത്വത്തിനുള്ള അവകാശത്തിന് (Right to Equality - Articles 14 to 18) കീഴിലാണ് വരുന്നത്.
- പ്രധാന ഉള്ളടക്കം: സർക്കാർ ജോലികളിലോ നിയമനങ്ങളിലോ രാജ്യത്തെ എല്ലാ പൗരന്മാർക്കും തുല്യ അവസരം ഉറപ്പുനൽകുന്നു. മതം, വംശം, ജാതി, ലിംഗം, വംശപരമ്പര, ജന്മസ്ഥലം, വാസസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം കാണിക്കാൻ പാടില്ലെന്ന് ഇത് വ്യക്തമാക്കുന്നു.